നം.കെ.എസ്.എ.പി.റ്റി.എ./പി9/1381/16 തീയതി : 16-01-2017

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം215(4)-ാം വകുപ്പ് ,1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോന്നി ഗ്രാമപ്പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപ്പഞ്ചായത്ത് 15-09-2015 മുതൽ 30-11-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയ | 05.12.2016മുതൽ 17.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ റ്റി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. ഷൈജു.വൈ, സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീ അരുൺകുമാർ.എസ്, സീനി.ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ രാജേശ്വരൻ നായർ (01-04-2015മുതൽ 31-10-2015 വരെ) |
| | ഭരണ നിർവ്വഹണ സമിതി (01-11-2015 മുതൽ 18-11-2015 വരെ) |
| | ശ്രീമതി രജനി പ്രദീപ് (19-11-2015 മുതൽ 31-03-2016 വരെ) |
| സെക്രട്ടറി | ശ്രീ അലക്സാണ്ടർ (01-04-2015മുതൽ 31-03-2016വരെ) |

റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്ററിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2 : വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3 : ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം 1 – പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ദുരിതാശ്വാസ നിധി | 1-11 |
| 12 | അനുബന്ധ പത്രികകൾ | 1-12 |

| | | |
|---|---|---|
| | ഭാഗം 2 : വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല | 2-1 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിൽ വീഴ്ച | 2-2 |
| 15 | ഓഡിറ്റോറിയങ്ങൾ, വിവാഹ സദ്യാലയങ്ങൾ എന്നിവയുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല; പഞ്ചായത്തിന് വൻ വരുമാന നഷ്ടം | 2-3 |
| 16 | കൃത്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ വരുമാന നഷ്ടം ഉണ്ടാകുന്നു | 2-4 |
| 17 | വ്യാപാരസ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽനികുതി പൂർണ്ണമല്ല | 2-5 |
| 18 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമല്ല | 2-6 |
| 19 | ഡി ആന്റ് ഓ ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ | 2-7 |
| 20 | പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പൂർണ്ണമല്ല | 2-8 |
| 21 | പഞ്ചായത്ത് മാർക്കറ്റിൽ അനധികൃതമായി ഇറച്ചി വ്യാപാരം നടത്തുന്നു | 2-9 |
| 22 | സബ്ട്രഷറി ഷോപ്പിംഗ് കോംപ്ലക്സിൽ വാടക നൽകാതെ അനധികൃത വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-10 |
| 23 | വാടക ബൈലോ ഇല്ല | 2-11 |
| 24 | പരസ്യ നികുതി പിരിക്കുന്നില്ല | 2-12 |
| | ഭാഗം 3 : ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 25 | എസ്.എസ്.എ വിഹിതം അടവാക്കിയതിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് ഗുരുതര വീഴ്ച | 3-1 |
| 26 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - പ്രോജക്ട് നടപ്പിലാക്കിയില്ല | 3-2 |
| 27 | ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ടുകളുടെ നിർവ്വഹണ രേഖകൾ ഹാജരാക്കിയില്ല | 3-3 |
| 28 | പ്രതിമാസ വെള്ളക്കരം ഒന്നരലക്ഷം രൂപയിലധികം- സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-4 |

| | | |
|---|---|---|
| 29 | ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-5 |
| 30 | അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 3-6 |
| 31 | അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ വീഴ്ച | 3-7 |
| 32 | ഇ.എം.എസ് ഭവനപദ്ധതി -സർക്കാർ അനുമതിയില്ലാതെ സഹകരണ ബാങ്കിൽ നിന്നും ലോൺ എടുത്തു- പലിശ അടവാക്കിയില്ല | 3-8 |
| 33 | മാർഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക ഡി.ഡി. ആയി നൽകി | 3-9 |
| 34 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് - ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് ചോർത്തുന്നു | 3-10 |
| 35 | ഇ.എം.എസ് ഭവനപദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3-11 |
| 36 | ഗ്രാമകേന്ദ്രങ്ങളിലേക്ക് ഫർണീച്ചർ- വാങ്ങിയ ഫർണീച്ചറുകൾ വിതരണം ചെയ്തില്ല | 3-12 |
| 37 | പഞ്ചായത്താഫീസിലേക്ക് ഫാനുകളും ക്ലളറുകളും- വാങ്ങിക്കൂട്ടിയ ഉപകരണങ്ങൾ സ്ഥാപിച്ചില്ല | 3-13 |
| 38 | മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പിൽ ബിനാമി ഇടപാട് - പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗം | 3-14 |
| 39 | 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി | 3-15 |
| 40 | പഞ്ചായത്ത് ഓഫീസ് നവീകരണം - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് കുറഞ്ഞ ചെലവിൽ നടത്താമായിരുന്ന പ്രവൃത്തി മാനദണ്ഡങ്ങൾ ലംഘിച്ച് SIDCO മുഖാന്തിരം നടപ്പിലാക്കി | 3-16 |
| 41 | ആനക്കുട് R.V.H.S. റോഡ് ഓടനിർമ്മാണം - മൂല്യ വർദ്ധിത നികുതി (VAT) കണക്കാക്കിയതിൽ അപാകം - സർക്കാർ ഫണ്ടിന് നഷ്ടം | 3-17 |
| 42 | റോഡ് പുനരുദ്ധാരണ പദ്ധതികളുടെ ഭാഗമായി ക്വാറിമക്ക് ഫില്ലിംഗ് നടത്തിയതിന്റെ ചെലവ് വൗച്ചറുകളുടെ അഭാവത്തിൽ നിരാകരിക്കുന്നു | 3-18 |
| 43 | അലൂമിനിയം ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് അധിക നിരക്ക് നൽകി - പഞ്ചായത്ത് ഫണ്ടിന് 19702 രൂപ നഷ്ടം | 3-19 |
| 44 | പൊന്തനാംകുഴി കോളനി സമഗ്ര വികസനം - 30.27 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ മുടങ്ങികിടക്കുന്നു; നിർവ്വഹണ ഉദ്യോഗസ്ഥൻ കൃത്യവിലോപംകാട്ടി | 3-20 |

| | | |
|---|---|---|
| 45 | റോഡ് മെയിന്റനൻസ് ഗ്രാന്റ് തുകയിൽ 69 ശതമാനവും വകമാറ്റി ചെലവഴിച്ചു | 3-21 |
| 46 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം പഞ്ചായത്ത് നിരീക്ഷിക്കുന്നില്ല – വാട്ടർ അതോറിറ്റിയിൽനിന്നും തിരികെ ലഭിക്കാൻ അവശേഷിക്കുന്നത് 3.8 ലക്ഷം രൂപ | 3-22 |
| 47 | വാട്ടർ അതോറിറ്റി റീഫണ്ട് ചെയ്ത തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധം | 3-23 |
| 48 | കരാറിൽ ഏർപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച; കരാർ ലംഘനം നടത്തിയ കൺവീനർമാർക്കെതിരെ നടപടിയില്ല | 3-24 |
| 49 | മരാമത്ത് പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയതിൽ അപാകം | 3-25 |
| 50 | പാലിയേറ്റീവ് കെയർ പദ്ധതി- അപാകതകൾ | 3-26 |
| 51 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം - മുൻകൂർ തുക ക്രമീകരിച്ചില്ല | 3-27 |
| 52 | മാലിന്യ സംസ്കരണം - ഗ്രാമപ്പഞ്ചായത്ത് വക വാഹനം നിഷ്ക്രിയമായി കിടക്കുന്നു | 3-28 |
| | ഭാഗം-IV: ഓഡിറ്റ് പ്രത്യവലോകനം | |
| 53 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 54 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 55 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-3 |
| 56 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 57 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 58 | ഓഡിറ്റ് റിക്കവറി | 4-6 |
| 59 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 60 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 61 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

### (1-1) ബജറ്റ്

| | |
|---|---|
| 2015-16-ലെ ബജറ്റ് പാസ്സാക്കിയ നം./തീയ്യതി | 111/16, 04.03.2016 |

| | |
|---|---|
| | ( പുതുക്കിയത് ) |
| ഭരണസമിതിയുടെ 19-03-2015 ലെ I-ാം നമ്പർ തീരുമാനം | ബജറ്റ് പുതുക്കിയില്ല |

ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 5113381 | 25481703 | 20368322 | |
| വരവ് | 132650000 | 60823789 | | 71826211 |
| ആകെ | 137763381 | 86305492 | | 54147889 |
| ചെലവ് | 129685160 | 69993417 | | 59691743 |
| നീക്കിയിരിപ്പ് | 8078221 | 16312075 | 8233854 | |

## (1-2) വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 15-05-2016 | 29-06-2016 |

## (1-3) വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനതകൾ ഉണ്ട്.

1. വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തുനികുതി ഡിമാന്റ്, നീക്കിബാക്കി തുകകൾ കൃത്യമല്ല.സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി പോസ്റ്റിംഗ് കൃത്യമല്ല.
2. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഷെഡ്യൂൾ B15 പ്രകാരമുള്ള തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
3. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡി & ഒ വരവുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.
4. ഷെഡ്യൂൾ B7- Bidders Earnest Deposit-ഇനത്തിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത് 129000. എന്നാൽ യഥാർത്ഥ തുക 149000 രൂപയാണ്. വ്യത്യാസം 20000 രൂപ
5. ഷെഡ്യൂൾ B9- പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന തുക 73928 രൂപ. എന്നാൽ അടവാക്കിയ തുക 70389 രൂപ. വ്യത്യാസം 3539 രൂപ
6. ഷെഡ്യൂൾ B9- മോട്ടോർ കൺവെയൻസ് അഡ്വാൻസ് ഇനത്തിൽ 2100 രൂപ തെറ്റായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## (1-4) സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 25481703 |
| വരവ് | 60823789 |
| ആകെ | 69993417 |

| | |
|---|---|
| ചെലവ് | 95475120 |
| നീക്കിബാക്കി | 16312075 |

## (1-5) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP40b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1042988 | 5076894 | 5339341 | 11459223 | 11459223 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 1817937 | 3747076 | 0 | 5565013 | 4894684 | 670329 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 36000 | 0 | 0 | 36000 | 0 | 36000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 3710393 | 15100610 | 0 | 18811003 | 18811003 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2209587 | 2998872 | 0 | 5208459 | 5208459 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1371467 | 5914893 | 0 | 7286360 | 5391052 | 1895308 | 0 |
| ലോക ബാങ്ക് സഹായം | 3685000 | 2508550 | 0 | 6193550 | 3455846 | 2737704 | 0 |

## (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 244 | 176 | 23 | 30 | 72.13 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 52 | 40 | 16723326 | 11773281 | 70.40 |
| കൃഷി ഓഫീസർ | 5 | 5 | 1672207 | 771235 | 46.12 |
| വെറ്റിനറി സർജൻ | 3 | 2 | 1940000 | 1033200 | 53.26 |
| വി.ഇ.ഒ | 10 | 7 | 13814859 | 2694859 | 19.51 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 160 | 133 | 44890399 | 30878427 | 68.79 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2 | 2 | 2599900 | 2292699 | 88.18 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 1 | 1 | 540000 | 435018 | 80.56 |
| മെഡിക്കൽ ഓഫീസർ (ആയ്യുർവ്വേദം) | 1 | 1 | 600000 | 600000 | 100 |
| ഹെഡ് മാസ്റ്റർ | 5 | 4 | 1093681 | 815606 | 74.57 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 5 | 4 | 1743000 | 1140000 | 65.40 |
| ആകെ | 244 | 199 | 85617372 | 52434325 | 61.24 |

## (1-7) തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2794020 | 3101290 | 307270 | (+11.00%) |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 81372092 | 51628664 | 29743428 | (-36.55%) |
| മറ്റ് വരവുകൾ | 6095879 | 6093835 | 2044 | (-0.03%) |
| ആകെ | 90261991 | 60823789 | 29438202 | (- 32.61%) |

## (1-8) സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 22 | 17 | 5 |
| 2 | തൊഴിൽ രഹിത വേതനം | 8 | 1 | 7 |
| 3 | വിധവാ പെൻഷൻ | 73 | 66 | 7 |
| 4 | വികലാംഗ പെൻഷൻ | 20 | 18 | 2 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 3 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 423 | 418 | 5 |

## (1-9) ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-12-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 21454 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## (1-10) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 26-10-2016 | 08/16, 09/16 | ലഭിച്ചില്ല | |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 7-3-2014 മുതൽ 21-03-2014 വരെ | 2008-09 മുതൽ 2012-13 വരെ | 16-05-2014 | |

## (1-11) ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ആയതിനാൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## (1-12) അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്
3. റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്
4. ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല

14-01-2011 ലെ സ.ഉ.(അ).നം. 20/11/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും 13-3-2013 ലെ സ.ഉ.(പി). നം. 88/13/തസ്വഭവ നംപർ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിരുന്നു. ഗ്രാമപ്പഞ്ചായത്തുകളിലെ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് 24-2-2015 ലെ സ.ഉ.(അ) നംപർ 36/2015/തസ്വഭവ ആയി ഭേദഗതിയും പുറപ്പെടുവിച്ചിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 12 പ്രകാരം, കെട്ടിട ഉടമ സമർപ്പിക്കുന്ന വസ്തുനികുതി റിട്ടേൺ (11-ാം ചട്ടം 1-ാം ഉപചട്ടം പ്രകാരം) സെക്രട്ടറിയോ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിച്ച്, വാർഷിക വസ്തുനികുതി കെട്ടിട ഉടമ സ്വയം നിർണ്ണയിച്ചിരിക്കുന്നത് വ്യവസ്ഥകൾക്ക് അനുസൃതമെന്ന് ബോധ്യപ്പെട്ടാൽ കെട്ടിടം സംബന്ധിച്ച വിവരങ്ങളും വസ്തുനികുതി സംബന്ധിച്ച വിവരങ്ങളും ഫോറം നമ്പർ 4 ൽ ഉള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം നിർണ്ണയിച്ച വസ്തുനികുതി ഈടാക്കുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ഫോറം നമ്പർ 8-ൽ ഉള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. വസ്തുനികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ 12-ാം ചട്ടപ്രകാരം വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും, 13-ാം ചട്ടപ്രകാരം വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയ ശേഷം ഓരോ കെട്ടിട ഉടമയ്ക്കും 14-ാം ചട്ടപ്രകാരം ഫോറം നമ്പർ 9-ൽ ഡിമാന്റ് നോട്ടീസ് നൽകേണ്ടതാണ്.

എന്നാൽ ഈ നിർദ്ദേശങ്ങൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്ത് പൂർണ്ണമായി പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 17 വാർഡുകൾക്കും പുതിയ കെട്ടിട നമ്പരിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഒരു രജിസ്റ്റർ പോലും പൂർണ്ണമല്ല. എല്ലാ വാർഡുകളുടേയും വസ്തുനികുതി നിർണ്ണയ രജിസ്റ്ററുകളിൽ അനേകം കെട്ടിടങ്ങളുടെ വിവരങ്ങൾ എഴുതിച്ചേർക്കുവാൻ അവശേഷിക്കുന്നു. കൂടാതെ ഒരു വാർഡിന് പോലും വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൽ ആകെയുള്ള11221 കെട്ടിടങ്ങളിൽ 8917 കെട്ടിടങ്ങളുടെ ഫോം 6ഡേറ്റാ എൻട്രി പൂർത്തിയായി. 8575എണ്ണം സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ ഇട്ട് വസ്തുനികുതി നിർണ്ണയം ആധികാരികമാക്കിയിട്ടുണ്ട്.

1-4-2013 മുതൽ പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ 16-12-2015 ലെ സ.ഉ.(എം.എസ്) നംപർ 358/15/തസ്വഭവ ആയി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് 'സഞ്ചയ' സോഫ്റ്റ് വെയറിന്റെ ഡാറ്റാബേസിലുള്ള വിവരങ്ങൾക്ക് ആവശ്യമായ മാറ്റം അടിയന്തിരമായി വരുത്തണമെന്നും നികുതി നിർണ്ണയ നടപടികൾ 2015 ഡിസംബർ 31 നകം പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം നാളിതുവരെ പാലിക്കപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കുന്നതിനുള്ള പ്രധാന തടസ്സം, 1993-ലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വസ്തുനികുതി നിർണ്ണയ രജിസ്റ്ററുകളുടെ അഭാവമാണ്. മിക്ക വാർഡുകളിലേയും പഴയ അസസ്മെന്റ്

രജിസ്റ്ററുകൾ ജീർണ്ണിച്ച് ഉപയോഗയോഗ്യമല്ലാതായിരിക്കുന്നു. ഇതിനാൽ പല കെട്ടിടങ്ങൾക്കും വസ്തുനികുതി പുനർനിർണ്ണയിക്കുന്ന സമയത്ത്, മുൻപ് വസ്തുനികുതി നിർണ്ണയിച്ചതിന് ശേഷം കെട്ടിടത്തിന്റെ ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്നും കെട്ടിടത്തോട് കൂട്ടിച്ചേർക്കൽ വരുത്തിയിട്ടുണ്ടോ എന്നും പരിശോധിക്കുവാൻ സാധിക്കാതെ വരുന്നു. പഴയ അസസ്മെന്റ് രജിസ്റ്ററിൽ നിന്ന് വിവരങ്ങൾ ലഭ്യമല്ലാത്ത കെട്ടിങ്ങളുടെ വസ്തുനികുതിയാണ് പുനർനിർണ്ണയിക്കുവാൻ അവശേഷിക്കുന്നത്. ഡാറ്റ എൻട്രി പൂർത്തിയാക്കാത്ത ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പഴയനിരക്കിലാണ് ഇപ്പോഴും വസ്തുനികുതി ഈടാക്കി വരുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്തിന് തനത് വരുമാന നഷ്ടം ഉണ്ടാകുന്നു. നികുതി പരിഷ്കരണ നടപടികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. എല്ലാ കെട്ടിടങ്ങളുടേയും ഡേറ്റാ എൻട്രി പൂർത്തീകരിക്കുവാൻ വാർഡുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതും വസ്തു നികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി പുതുക്കിയ വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## (2-2) മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിൽ വീഴ്ച

01.04.2013 മുതൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി വർഷങ്ങളായി ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറിന്റെ വിവരം | കെട്ടിട നം | പ്ലിന്ത് ഏരിയ ($m^2$) | അസസ്സ് മെന്റ് വർഷം | ഇളവുകൾക്കും വർദ്ധനവുകൾക്കു ശേഷം 01.04.2013 പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ച ആകെ നികുതി |
|---|---|---|---|---|---|
| 1 | വോഡാഫോൺ | 3/720B | ലഭ്യമല്ല | 2007-08 | 14000 |
| 2 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | 7/414B | 27.2 | 2010-11 | 15300 |
| 3 | ഇൻഡസ് ടവർ | 9/571A | 13.14 | 2010-11 | 9035 |
| 4 | വോഡാഫോൺ | 2/1166-I | 28 | 2010-11 | 15750 |
| 5 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | 8/481A | 30.28 | 2010-11 | 17034 |
| 6 | ഇൻഡസ് ടവർ | 13/550A | 29.6 | 2014-15 | 22246 |

ഇവരിൽ നിന്നും ഒരു വർഷം ആകെ 93365 രൂപ നികുതി ലഭിക്കേണ്ടിയിരുന്നു. 2013-14 മുതൽ 2015-16 വരെ ആകെ 2.8 ലക്ഷം രൂപ കുടിശികയുണ്ട്.

കൂടാതെ ബി.എസ്.എൻ.എല്ലിന്റെ 3 ടവറുകളിൽ നിന്നും നികുതി അസസ്സ് ചെയ്തിട്ടില്ല. നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നാൽ നികുതി കാലഹരണപ്പെട്ട് വരുമാന നഷ്ടം ഉണ്ടാകാനിടയുണ്ട്. അങ്ങനെയുണ്ടാകുന്ന വരുമാന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായിത്തീരുകയും ചെയ്യുന്നതാണ്. നികുതി അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-3) ഓഡിറ്റോറിയങ്ങൾ, വിവാഹ സദ്യാലയങ്ങൾ എന്നിവയുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല; പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന ആരാധനാലയങ്ങളുടെ ഉടമസ്ഥതയിലുള്ള പല ഓഡിറ്റോറിയങ്ങളുടെയും, വിവാഹ സദ്യാലയങ്ങളുടെയും വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. സഞ്ചയയിൽ ഈ വിഭാഗത്തിൽ ഒരു ഓഡിറ്റോറിയത്തിന്റെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. പല ഓഡിറ്റോറിയങ്ങളെയും ആരാധനാലയത്തിന്റെ വിഭാഗത്തിൽപ്പെടുത്തി ഒഴിവാക്കിയിട്ടുണ്ട്. ഇതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നുണ്ട്.

കൂടാതെ നികുതി നിർണ്ണയം നടത്തിയവയുടെ കാര്യത്തിൽ വസ്തുനികുതി പുതുക്കി നിർണ്ണയിച്ചിട്ടില്ല. ഉദാ. മുരിങ്ങമംഗലം ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ഓഡിറ്റോറിയം. എല്ലാ ഓഡിറ്റോറിയങ്ങളുടെയും വസ്തുനികുതി പരിഷ്കരിച്ച് അവരിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേകിച്ച് ധനകാര്യ സ്ഥിരം സമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## (2-4) കൃത്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ വരുമാന നഷ്ടം ഉണ്ടാകുന്നു

വ്യാപാരസ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് എടുക്കുന്ന സമയത്താണ് ഉടമസ്ഥരിൽ നിന്നും 2 അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കി വരുന്നത്. ഇവരിൽ നിന്നും വരുമാനം സംബന്ധിച്ച ചട്ടപ്രകാരമുള്ള റിട്ടേൺ വാങ്ങുന്നില്ല. ആയതിനാൽ ഈടാക്കിയ നികുതിയിൽ കുറവ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിയില്ല. തൻമൂലം വരുമാനത്തിൽ കുറവുണ്ടാകാനിടയുണ്ട്. നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പരമാവധി പാലിച്ചുകൊണ്ട് തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അധികാരികൾ പ്രത്യേകിച്ച് ധനകാര്യ സ്ഥിരം സമിതി സ്വീകരിക്കേണ്ടതാണ്.

## (2-5) വ്യാപാരസ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽനികുതി പൂർണ്ണമല്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്ന നിലയിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഉടമസ്ഥരോട്, അത്തരം കെട്ടിടങ്ങളിൽ വ്യാപാരം നടത്തുന്നവരിൽ നിന്ന് തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനായി, കെട്ടിടം ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകാവുന്നതാണെന്ന് 1994-ലെ കേ.പ.രാജ് ആക്ട് സെക്ഷൻ 205(ബി) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ നിർദ്ദേശം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത് 822 സ്ഥാപനങ്ങൾക്കാണ്. വ്യാപാര സ്ഥാപനങ്ങളുടെ ഉടമസ്ഥരോടോ അവരുടെ പ്രതിനിധികളോടോ, 1994-ലെ കേ.പ.രാജ് ആക്ട് സെക്ഷൻ 205(സി) പ്രകാരം അത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ പേര് വിവരം അടങ്ങിയ ലിസ്റ്റ് അവരുടെ ശമ്പളം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകാവുന്നതാണെന്ന നിർദ്ദേശവും ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ആയത് കാരണം ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലും 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലും നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പരമാവധി പാലിച്ചുകൊണ്ട് തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അധികാരികൾ പ്രത്യേകിച്ച് ധനകാര്യ സ്ഥിരം സമിതി സ്വീകരിക്കേണ്ടതാണ്.

## (2-6) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമല്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരുടെ തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 11/750C | ലീമാറ്റ് എന്റർപ്രൈസസ് | 7 |
| 2 | 11/174 | പി.കെ.വി.ബ്രിക്സ് | 4 |
| 3 | 1/336, 337, 338 | അമ്പാടി കാഷ്യൂ കമ്പനി | 10 |

ഒരു സ്ഥാപനത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കാൻ പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണെന്ന് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം - 205(ബി) മുതൽ 205(എഫ്) വരെ, 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ - ചട്ടം 10, 13 എന്നിവയിൽ പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാസ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന

വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ.(നികുതി ചുമത്തലും ഈടാക്കലും അപ്പീലും ) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നതിലൂടെ നികുതി പരിധിയിൽ നിന്നും ആരും ഒഴിവായിട്ടില്ല എന്നും ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവുണ്ടാകുന്നില്ലെന്നും ഉറപ്പു വരുത്താൻകഴിയും.

## (2-7) ഡി ആന്റ് ഓ ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

2015-16 വർഷം ലൈസൻസ് നൽകുന്നതിലും ഫീസ് ഈടാക്കിയതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് എടുത്തവർ ഉൾപ്പടെ ധാരാളം സ്ഥാപനങ്ങൾ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232,233 വകുപ്പുകളും 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ യാതൊരു വ്യാപാരവ്യവസായ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടില്ലാത്തതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2015-16 സാമ്പത്തിക വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ, താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

(1) ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്ന നിലയിൽ ആകെ 1900 കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല. 2015-16 സാമ്പത്തിക വർഷം 822 വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് ഡി ആന്റ് ഓ ലൈസൻസ് എടുത്തിട്ടുള്ളത്. വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ പൂർണ്ണമായി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ കഴിയില്ല.

കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ വാടകയ്ക്ക് എടുത്തവരിൽ പലരും ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. ഇവരുടെ വിവരം ചുവടെ ചേർക്കുന്നു.

സബ് ട്രഷറി ഷോപ്പിംഗ് കോംപ്ലക്സ്- റൂം നം-6, 9, 12

പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് - റൂം നം-2, 6, 7

പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് ന്യൂ- റൂം നം- 3, 4, 5, 6

മാർക്കറ്റ് സ്റ്റാൾ നം- 1, 2, 3, 4, 5

മാർക്കറ്റ് സ്റ്റാൾ ന്യൂ ബിൽഡിംഗ്- 1, 4, 6, 7

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്.

(2) റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 19 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വരുമാനത്തിന്റെ കൃത്യത ഉറപ്പുവരുത്താത്തതിനാൽ വരവിനത്തിൽ നഷ്ടത്തിന് സാധ്യത

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീ ഈടാക്കേണ്ടത്.എന്നാൽ ഭൂരിപക്ഷം അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. സ്ഥാപനങ്ങൾക്ക് മുൻ വർഷം ഈടാക്കിയ തുക തന്നെ ലൈസൻസ് ഫീസായി തുടർന്നും ഈടാക്കിപ്പോരുകയാണ് ചെയ്യുന്നത്. ഇതു കാരണം ലൈസൻസ് ഫീസ് ഇനത്തിൽ വൻ തുകയുടെ കുറവുണ്ടാകുന്നു. ദിവസേന വൻ തുക വിറ്റുവരവുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത് കാരണം ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ നഷ്ടം സംഭവിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|
| പാർവ്വതി ഗോൾഡ്- II/809 | 300 |
| ആറ്റിൻകര ഹോം അപ്ലയൻസസ് - II/198 A,B,C,D, 199 D,C | 2000 |
| പാർവ്വതി ജൂവല്ലറി- II/808 | 450 |

ലൈസൻസിനുള്ള അപേക്ഷകളിൽ രേഖപ്പെടുത്തിയ വരുമാനത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കും മേലധികാരികളും ശ്രദ്ധിക്കേണ്ടതാണ്. ഇതിലൂടെ വരുമാനചോർച്ചയുള്ള സാധ്യത ഇല്ലാതാക്കാവുന്നതാണ്.

(4) ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ആകെ ലൈസൻസ് എടുത്ത 822 വ്യാപാരികളിൽ 22 പേർ മാത്രമാണ് ഈ സമയക്രമം പാലിച്ചിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(5) മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിന്റെ കാലാവധിയിൽ അധികരിച്ച് ലൈസൻസ് നൽകുന്നു

മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് അനുമതി തീയതി വരെ മാത്രം പ്രവർത്തിക്കുവാനുള്ള ലൈസൻസ് മാത്രമേ ഗ്രാമപഞ്ചായത്ത് നൽകാവൂ. എന്നാൽ ഇത്തരത്തിലുള്ള പല സ്ഥാപനങ്ങൾക്കും അനുമതി തീയതിക്ക് ശേഷവും പ്രവർത്തിക്കുവാനുള്ള ലൈസൻസ് പഞ്ചായത്ത് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | പി.സി.ബി. അനുമതി തീയതി | ഡി & ഒ ലൈസൻസ് അനുവദിച്ച കാലാവധി |
|---|---|---|
| എ.വി.ജി. ചിക്കൻ സെന്റർ (5/30) | 30.06.2015 | 31.03.2016 |
| എ.എസ്.ആർ.ചിക്കൻ സെന്റർ (ഐ.ആർ.ഡി.പി. സ്റ്റാൾ നം 5) | 30.06.2015 | 31.03.2016 |
| ആട്ടുകാട് ഇൻഡസ്ട്രീസ് | 30.06.2015 | 31.03.2016 |
| വിനായക ഗ്രാനൈറ്റ്സ് | 30.06.2015 | 31.03.2016 |
| ജോൺസൺ ഗ്രാനൈറ്റ്സ് | 30.06.2015 | 31.03.2016 |
| എ.എസ്. ഗ്രാനൈറ്റ്സ് | 30.06.2015 | 31.03.2016 |

മറ്റ് വകുപ്പുകളുടെ അനുമതിപത്രം ആവശ്യമുള്ള സംഗതികളിൽ ടി അനുമതി കാലയളവ് വരെ മാത്രം ലൈസൻസ് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുമ്പ്തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നത് സംബന്ധിച്ച് വ്യാപകമായ പ്രചാരണ പരിപാടികൾ നടത്തേണ്ടതാണ്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നുറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

## (2-8) പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 270, 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ ചട്ടം 3 എന്നിവ പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്തിൽ മുൻകൂട്ടി

രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപ്പഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല. വകുപ്പ് 270 A, ചട്ടം നമ്പർ 8 എന്നിവ പ്രകാരം ഇത് ലംഘിക്കുന്ന ഏതൊരാൾക്കും മേൽ 5000/- രൂപ വരെ ആകാവുന്ന പിഴശിക്ഷയും, കുറ്റം തുടരുന്ന ഓരോ ദിവസത്തിനും 500/- രൂപ വരെ ആകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. എന്നാൽ പീപ്പിള്സ് നേഴ്സിംഗ് ഹോം എന്ന സ്ഥാപനം ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ചത്.

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്വകാര്യ ആശുപത്രികളേയും പാരാമെഡിക്കൽ സ്ഥാപനങ്ങളേയും സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്ട്രേഷൻ അനുവദിക്കുമ്പോൾ, 1998-ലെ ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആൻഡ് ഹാൻഡിലിംഗ്) ചട്ടങ്ങൾ പ്രകാരവും 09/12/2011-ലെ എൽ.എസ്.ജി.(ഡി.സി)ഡിപ്പാർട്ട്മെന്റിന്റെ 47724/ഡി.സി.1/ 2011/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരവും ബയോ മെഡിക്കൽ വേസ്റ്റ് കാര്യക്ഷമമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് സംവിധാനമുണ്ടെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ്/സമ്മതപത്രം ഉള്ള സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് മാത്രമെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തനാനുമതി നൽകാൻ പാടുള്ളുവെന്ന നിർദ്ദേശവും പാലിക്കേണ്ടതാണ്.

## (2-9) പഞ്ചായത്ത് മാർക്കറ്റിൽ അനധികൃതമായി ഇറച്ചി വ്യാപാരം നടത്തുന്നു

സർക്കാർ ഉത്തരവുകളും കോടതി വിധിന്യായങ്ങളും ലംഘിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ അനധികൃത കശാപ്പുശാലകൾ പ്രവർത്തിക്കുകയും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പബ്ലിക്ക് മാർക്കറ്റിനുള്ളിൽ അനധികൃതമായി ഇറച്ചി വിൽപ്പന നടക്കുകയും ചെയ്യുന്നുണ്ട്. പുതിയ മാർക്കറ്റ് സ്റ്റാൾ റൂം നം 1,2 എന്നിവയിലാണ് ഇറച്ചിവിൽപ്പന നടത്തുന്നത്. ഇതിൽ റൂം നം 2 ന് മാത്രം കോൾഡ് സ്റ്റോറേജ് നടത്തുന്നതിനാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഇതിനായി 300 രൂപ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. റൂം നം 1ന് ലൈസൻസ് ഇല്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ ചട്ടം 40 പ്രകാരം, ഇറച്ചിക്കടകളിൽ വിൽപ്പനയ്ക്കായി വച്ചിരിക്കുന്ന ഇറച്ചി, പൊതു കശാപ്പുശാലയിൽ വച്ചോ അല്ലെങ്കിൽ ആക്ടിലെ 230-ാം വകുപ്പ് പ്രകാരം ലൈസൻസ് ലഭിച്ചിട്ടുള്ള കശാപ്പുശാലയിൽ വച്ചോ കശാപ്പ് ചെയ്ത മൃഗത്തിന്റേത് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഫോറം നമ്പർ 1-ൽ ലഭിച്ച ബുച്ചർ ലൈസൻസ് നേടിയിട്ടില്ലാത്തവർ കശാപ്പ് നടത്തുന്ന യാതൊരു അനധികൃത കശാപ്പ് ശാലകളും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്നും എല്ലാ അനധികൃത ഇറച്ചി വിൽപ്പന ശാലകളും അടച്ചു പൂട്ടണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (WP(C) നം.13805/04, 37093/04, 7000/05, 2991, 3923, 8233, 9297, & 12998/06, 704/09 & 6031/09).

അനധികൃത അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാത്തതിനാൽ അവ ഗുരുതരമായ ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നു. ആധുനിക അറവുശാല സ്ഥാപിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെട്ട കാര്യമാണ്. കൂടാതെ 17.09.2009-ലെ 1173/ഡി.ബി.എസ്./09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനിക അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. ആധുനിക അറവുശാല സ്ഥാപിക്കുന്നതിനുള്ള യാതൊരു നടപടികളും നാളിതുവരെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളൂവെന്ന് നീതിപീഠം ഉത്തരവായിട്ടുണ്ട്. മതിയായ സാധ്യതാ പഠനം നടത്തി ഒന്നിലധികം ഗ്രാമപഞ്ചായത്തുകളോ ത്രിതല പഞ്ചായത്തുകൾ സംയുക്തമായോ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി സജീവ പരിഗണന നൽകേണ്ടതാണ്.

## (2-10) സബ്ട്രഷറി ഷോപ്പിംഗ് കോംപ്ലക്സിൽ വാടക നൽകാതെ അനധികൃത വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ബലക്ഷയം കാരണം പൊളിച്ചുനീക്കി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സബ്ട്രഷറി ഷോപ്പിംഗ് കോംപ്ലക്സിൽ വാടക നൽകാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. പൊളിച്ചുനീക്കുന്ന കാരണത്താൽ 2016-17 വർഷം മുറികളുടെ ലേലം നടത്തുകയോ നിലവിലുള്ളവരിൽ നിന്നും 5% വാടക വർദ്ധനവ് നിശ്ചയിച്ച് തുടരാൻ അനുവദിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതികപരിശോധയിൽ എല്ലാ മുറികളിലും വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടു. 2015-16 വർഷം 13 മുറികളിൽ നിന്നായി ആകെ 4,02,660 രൂപ വാടക ലഭിച്ചിരുന്നു. 5% വാടക വർദ്ധനവ് ലഭിച്ചിരുന്നുവെങ്കിൽ 4.22 ലക്ഷം രൂപ പഞ്ചായത്തിന് വാടക ലഭിക്കുമായിരുന്നു. ഇതും ലൈസൻസ് ഫീസിനത്തിൽ ലഭിക്കുമായിരുന്ന തുകയും ഫലത്തിൽ നഷ്ടമായിരിക്കുകയാണ്. കെട്ടിടം പൊളിച്ചുനീക്കി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പദ്ധതി രൂപീകരിക്കുകയും

ചെയ്തിട്ടില്ല.

കൂടാതെ ബലക്ഷയമുണ്ടെന്ന് ഗ്രാമപഞ്ചായത്ത് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ കെട്ടിടത്തിൽ അനധികൃത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് വൻസുരക്ഷാഭീഷണിയുമുയർത്തുന്നുണ്ട്. ബലക്ഷയം മൂലം അപകടങ്ങൾ സംഭവിച്ചാൽ അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഭരണസമിതിക്കും ഉദ്യോഗസ്ഥർക്കും ഒഴിഞ്ഞു മാറാൻ കഴിയില്ല. അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒഴിപ്പിക്കുവാൻ ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-11) വാടക ബൈലോ ഇല്ല

2015-16 ഗ്രാമപഞ്ചായത്തിൽ 7 കെട്ടിടങ്ങളിലെ 52 മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. 5% വാടക വർദ്ധനവ് ഈടാക്കി നിലവിലുള്ളവർക്ക് തന്നെ മുറികൾവാടകയ്ക്ക് നൽകുകയാണ് ചെയ്തുവരുന്നത്. ഡെപ്പോസിറ്റ് തുകയിൽ വർദ്ധനവ് വരുത്തുന്നില്ല. പലരിൽ നിന്നും വളരെ തുച്ഛമായ തുകയാണ് ഡെപ്പോസിറ്റായി ഈടാക്കിയിട്ടുള്ളത്. ഈടാക്കിയ പരമാവധി ഡിപ്പോസിറ്റ് 10000 രൂപ മാത്രമാണ്. എന്നാൽ നിശ്ചിത ബൈലോയുടെ അടിസ്ഥാനത്തിലല്ല വാടക പിരിക്കുന്നത്. ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. താലൂക്ക് ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക പഞ്ചായത്ത് നിശ്ചയിച്ച് മുറിവാടകയ്ക്ക് പകരം ഡെപ്പോസിറ്റ് തുക ലേലം ചെയ്യുകയാണെങ്കിൽ വലിയ തോതിലുള്ള വരുമാന വർദ്ധനവിന് സാദ്ധ്യതയുണ്ട്. ഈ സാദ്ധ്യത പ്രയോജനപ്പെടുത്തുവാനുള്ള നടപടി ഭരണസമിതി പ്രത്യേകിച്ച് ധനകാര്യ സ്ഥിരം സമിതി സ്വീകരിക്കേണ്ടതാണ്.

## (2-12) പരസ്യ നികുതി പിരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്കു മുതൽ കൂട്ടുന്നതിനു ഗ്രാമപഞ്ചായത്ത് യാതൊരു വിധ നടപടികളും സ്വീകരിച്ചിട്ടില്ല. പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയുടെ ഏകദേശം 10 കിലോ മീറ്റർ പ്രദേശം ഈ പഞ്ചായത്തിന്റെ ഭാഗമാണ്. ഇവിടെ ധാരാളം പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഓരോ വർഷവും ശബരിമല തീർത്ഥാടന കാലയളവിൽ വളരെയധികം പരസ്യബോർഡുകൾ പ്രദർശിപ്പിക്കുന്നുമുണ്ട്. ഈ ബോർഡുകളിൽ നിന്നും നല്ലൊരു വരുമാനം ലഭിക്കുവാനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013 ലെ WP(C) നമ്പർ 27011/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013 ൽ പുറപ്പെടുവിച്ച എൽ.എസ് .ജി (ആർ.സി) വകുപ്പിന്റെ 71806/RC2/2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡുകൾ, റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിനു വിഘ്നം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും അപകടകാരണമായേക്കാവുന്ന രീതിയിലും ട്രാഫിക് ഐലന്റ്, മീഡിയൻ,ഫുട് പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നു സർക്കുലർ നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) എസ്.എസ്.എ വിഹിതം അടവാക്കിയതിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് ഗുരുതര വീഴ്ച (പ്രോജക്ട് നം. 12/15-16)

2015-16 സാമ്പത്തിക വർഷം എസ്.എസ്.എ പദ്ധതിയുടെ നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ 593681 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ കോന്നി ഗവ.എൽ.പി.ജി.എസ് പ്രധാനാദ്ധ്യാപിക യഥാസമയം അടവാക്കാതെ ഫണ്ട് തിരിമറി നടത്തി. ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി കോന്നി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതിനെ തുടർന്ന് മാത്രമാണ് ഹെഡ്മിസ്ട്രസ് തുക തിരികെ അടവാക്കിയത്.

പദ്ധതി തുക അടവാക്കുന്നതിലേക്കായി 593681 രൂപയുടെ അലോട്ട്മെന്റ് (നം-)നിർവ്വഹണ ഉദ്യോഗസ്ഥ20-12-2015 ൽ ഗ്രാമപ്പഞ്ചായത്തിൽ നിന്നും കൈപ്പറ്റി. ടി തുക 22-12-2015 ൽ കോന്നി സബ് ട്രഷറിയിൽ നിന്നും ബില്ല് മാറി പി.ഒ.സി

കൈപ്പറ്റുകയും കോന്നി എസ്.ബി.റ്റി യിൽ നിന്നും പണമാക്കുകയും ചെയ്തു. എന്നാൽ ടി തുക എസ്.എസ്.എ യുടെ ജില്ലാ പ്രോജക്ട് ഓഫീസിൽ അടവാക്കിയില്ല. വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് സെക്രട്ടറി പി-10340/14 തീയതി 09-03-2016 പ്രകാരം ജില്ലാ പ്രോജക്ട് ഓഫീസർക്ക് കത്ത് നൽകി. ആയതിന് മറുപടിയായി ജില്ലാ പ്രോജക്ട് ഓഫീസർ (കത്ത് നം-എ125/4152/എസ്.എസ്.എ തീയതി 25-03-2016 ) പ്രസ്തുത തുകയുടെ ഡി.ഡി ഈ ഓഫീസിൽ അടച്ചിട്ടില്ലായെന്നും 593681 രൂപയും ആയതിന്റെ 22-12-2015 മുതലുള്ള 18% പലിശയും അടയ്ക്കുന്നതിനായി കോന്നി ഗവ.എൽ.പി.ജി എസ് ഹെഡ്മിസ്ട്രസിന് നിർദ്ദേശം നൽകിയെന്നുമാണ് അറിയിച്ചത്.

തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതര വീഴ്ച ചൂണ്ടിക്കാട്ടി സെക്രട്ടറി 01-04-2016 ൽ കോന്നി പോലീസ് സ്റ്റേഷനിൽ പരാതി നൽകി. ഇതിനെ തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഡി.ഡി നം 610177/13-04-2016 പ്രകാരം 593681 രൂപയും (രസീത് നം-023631/13-04-2016, പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, പത്തനംതിട്ട) പലിശ തുകയായ 8000 രൂപ ഡി.ഡി നം 610178/13-04-2016 (രസീത് നം-023632/13-04-2016, പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, പത്തനംതിട്ട) പ്രകാരവും അടവാക്കി. പ്രധാനാദ്ധ്യാപിക നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകൾ ഹാജരാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-7/08-12-2016), സമ്മൻസ്, ഷോകോസ് എന്നിവ നൽകിയെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥ ഫയലുകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം എസ്.എസ്.എ വിഹിതം യഥാസമയം അടവാക്കാതെ തിരിമറി നടത്തിയതും ഓഡിറ്റിന് മുമ്പാകെ ഫയലുകൾ ഹാജരാക്കാതിരുന്നതും വളരെ ഗുരുതരമായി ഓഡിറ്റ് വിലയിരുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതര വീഴ്ച ഭരണതലത്തിൽ അന്വേഷണവിധേയമാക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## (3-2) പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - പ്രോജക്ട് നടപ്പിലാക്കിയില്ല

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 175000 രൂപയും ബ്ലോക്ക് വിഹിതം 100000 രൂപയും ഉൾപ്പടെ ആകെ 275000 രൂപ വകയിരുത്തി പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പ്രോജക്ട് (നം-14/15-16) ആവിഷ്കരിച്ചിരുന്നു. (നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മിസ്ട്രസ്സ്, ഗവ: എൽ.പി.ജി.എസ്., കോന്നി). 49 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായിരുന്നു പ്രോജക്ട് തയ്യാറാക്കിയത്.ബ്ലോക്ക് വിഹിതമായി 1 ലക്ഷം രൂപ വകയിരുത്തിയത് ഡി.ഡി നം-568618/17-02-2016 പ്രകാരം ഗ്രാമപ്പഞ്ചായത്തിന് ലഭിച്ചു. ഇപ്രകാരം പദ്ധതി അടങ്കൽ പൂർണ്ണമായും ലഭ്യമായിരുന്നിട്ടും പ്രോജക്ട് നടപ്പിലാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നുമുള്ള ഗുരുതര വീഴ്ചയാണ്.

ബ്ലോക്ക് വിഹിതമായി ലഭ്യമായ 1ലക്ഷം രൂപ ഗ്രാമപ്പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് നിക്ഷേപിച്ചത്. പ്രോജക്ട് നടപ്പിലാകാത്ത സാഹചര്യത്തിൽ ആയത് അടിയന്തിരമായി പൂർത്തീകരിക്കുകയോ അല്ലാത്തപക്ഷം പ്രസ്തുത തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. മാനസികവും ശാരീരികവുമായ വെല്ലുവിളി നേരിടുന്നവർക്ക് സഹായം നൽകുന്നതിനുള്ള പ്രോജക്ട് പൂർത്തീകരിക്കുന്നതിന് ഭരണസമിതി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (3-3) ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ടുകളുടെ നിർവ്വഹണ രേഖകൾ ഹാജരാക്കിയില്ല

2015-16 സാമ്പത്തിക വർഷം ഹെഡ്മിസ്ട്രസ്, ഗവ: എൽ.പി.ജി.എസ്., കോന്നി നിർവ്വഹണ ഉദ്യോഗസ്ഥയായി അഞ്ച് പ്രോജക്ടുകളാണ് ആവിഷ്കരിച്ചിരുന്നത്. ഇതിൽ നാല് പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി 815606 രൂപ നിർവ്വഹണ ഉദ്യോഗസ്ഥ ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ടുകളുടെ വിനിയോഗരേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേരും നമ്പരും | വകയിരുത്തിയ തുക | കൈപ്പറ്റിയ തുക (ഏ.സി.ആർ, ചെലവ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം) |
|---|---|---|---|
| 1 | എസ്.എസ്.എ (12/15-16) | 593681 | 593681 |
| 2 | തുടർ സാക്ഷരത- തുല്യതാ പഠനം (13/15-16) | 50000 | 50000 |

| | | | |
|---|---|---|---|
| 3 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (14/15-16) | 275000 | 0 |
| 4 | പ്രീ പ്രൈമറി കുട്ടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ (163/15-16) | 50000 | 47530 |
| 5 | ഉച്ച ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ (164/15-16) | 125000 | 124395 |
| ആകെ | | 1093681 | 815606 |

പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധമായ ഫയലുകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം-7/16 തീയതി 08-12-2016) നൽകിയെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥ രേഖകൾ ഹാജരാക്കിയില്ല. തുടർന്ന് 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് പ്രകാരം 09-12-2016 ന് സമ്മൻസ്, 13-12-2016 ന് ഷോകോസ് നോട്ടീസ് എന്നിവ നൽകുകയും ചെയ്തുവെങ്കിലും ഫയലുകൾ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 815606 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## (3-4) പ്രതിമാസ വെള്ളക്കരം ഒന്നരലക്ഷം രൂപയിലധികം- സംയുക്ത പരിശോധന നടത്തിയിട്ടില്ല – തനത് ഫണ്ടിന് നഷ്ടം

ഗ്രാമപ്പഞ്ചായത്ത് 369 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം ഒടുക്കുന്നത് 161438 രൂപയാണ്. വാട്ടർ അതോറിറ്റി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്താത്ത സാഹചര്യത്തിൽ ഉപയോഗിക്കുന്ന ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന്റെ കൃത്യത പരിശോധനാ വിധേയമാക്കുന്നതിന് സാധിച്ചിട്ടില്ല.

പൊതുടാപ്പുകൾക്ക് പകരം സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് 16-11-2013 ലെ ജി.ഒ. (എം.എസ്). 362 / 2013 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം എസ്.സി കുടുബങ്ങൾക്ക് ഗാർഹിക കണക്ഷൻ (പ്രോജക്ട് നം-159/15-16)നൽകുന്നതിനായി അസി.സെക്രട്ടറി പ്രോജക്ട് നിർവ്വഹണം നടത്തിയെങ്കിലും (ചെലവ്-330000 രൂപ, 56 x6000= 330000) ടാപ്പുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

എത്ര ടാപ്പുകൾ എതൊക്കെ വാർഡുകളിൽ പ്രവർത്തന ക്ഷമമാണെന്ന് വിലയിരുത്തുന്നതിന് കൃത്യമായ സംവിധാനം ഇല്ല .നിലവിലുള്ള 369ടാപ്പുകളിൽ പ്രവർത്തനക്ഷമമായത് മാത്രം നിലനിർത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും കുടിവെള്ള ഗാർഹിക കണക്ഷന് പദ്ധതികൾ സമഗ്രമായി ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രമാണ് വെള്ളക്കരം അടയ്ക്കുന്നതെന്ന് ഗ്രാമപ്പഞ്ചായത്തധികൃതർക്ക് ഉറപ്പുവരുത്താൻ കഴിയുമായിരുന്നു

## (3-5) ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ഫുഡ് ടെസ്റ്റിംഗ് ലാബിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010-ലെ ഐ.സി.ഡി.എസ്.ബി3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്തിന്റെ കീഴിലുള്ള 37 അങ്കണവാടികളിലൂടെ വിതരണം ചെയ്ത ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ ശ്രദ്ധിക്കേണ്ടതാണ്.

## (3-6) അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

അങ്കണവാടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും, മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും, പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് 22.03.2011-ലെ 31055/ഡി.സി./2011 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലർ പ്രകാരം സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും നിർദ്ദേശിച്ചിരുന്നു.

അങ്കണവാടികളുടെ 2015-16 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ ഈ കാലയളവിൽ അങ്കണവാടികൾക്ക് ഫിറ്റ്നസ് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനായിട്ടില്ല. മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ പാലിക്കേണ്ടതാണ്.

## (3-7) അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 37 അങ്കണവാടികളാണുള്ളത്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഇവയുടെ പ്രവർത്തനത്തെ തന്നെ ബാധിക്കുന്ന അവസ്ഥയാണുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അടിസ്ഥാന സൗകര്യം | അങ്കണവാടികളുടെ എണ്ണം |
|---|---|
| സ്വന്തമായി കെട്ടിടം ഉള്ളവ | 23 |
| ടോയ് ലറ്റ് സൗകര്യം ഉള്ളവ | 36 |
| ബേബി ഫ്രണ്ട് ടോയ് ലറ്റ് സൗകര്യം ഉള്ളവ | 1 |
| ചുറ്റുമതിൽ ഉള്ളവ | 11 |
| വൈദ്യുതി ഉള്ളവ | 15 |
| കുടിവെള്ളം ലഭ്യമായവ | 21 |
| ഗ്യാസ് കണക്ഷൻ ഉള്ളവ | 35 |
| ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചവ | 0 |

അങ്കണവാടികളിലെ കുട്ടികളുടെ ശരാശരി എണ്ണം പന്ത്രണ്ടിൽ താഴെ മാത്രമാണ്. രണ്ടിടത്ത് മാത്രമാണ് ഇരുപതിൽ കൂടുതൽ കുട്ടികളുള്ളത്. പത്തിൽ കൂടുതൽ കുട്ടികൾ ഉള്ളത് ആറ് സ്ഥാപനങ്ങളിൽ മാത്രമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കുട്ടികളുടെ എണ്ണത്തെ ബാധിക്കുന്നുവെന്നാണ് വ്യക്തമാകുന്നത്. പ്രസ്തുത സാഹചര്യത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനായി ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (3-8) ഇ.എം.എസ് ഭവനപദ്ധതി -സർക്കാർ അനുമതിയില്ലാതെ സഹകരണ ബാങ്കിൽ നിന്നും ലോൺ എടുത്തു- പലിശ അടവാക്കിയില്ല

ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി സ.ഉ (എം.എസ് ) 563/2010/ത.സ്വ.ഭ.വ തീയതി 22-02-2010 പ്രകാരം ഗ്രാമപഞ്ചായത്ത് 2009-10 സാമ്പത്തിക വർഷം സർക്കാർ അനുമതിയോടുകൂടി കോന്നി റീജിയണൽ സഹകരണ ബാങ്കിൽ നിന്നും 14239625/- രൂപ ലോൺ എടുത്തിരുന്നു. കൂടാതെ 2013-14 സാമ്പത്തിക വർഷം സർക്കാർ അനുമതിയില്ലാതെ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ കോന്നി ശാഖയിൽ നിന്നും ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി 13-02-2014 ൽ 2680000/-രൂപ കൂടി ലോൺ എടുത്തു.ഓഡിറ്റ് സമയം വരെ ടി തുകയിൽ നിന്നും 2147250/- രൂപ ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തു. 575937/- രൂപ നിലവിൽ ലോൺ അക്കൗണ്ടിൽ അവശേഷിക്കുകയും ചെയ്യുന്നുണ്ട്.

| 93. | അമൃത സ്കൂൾ ഗ്രൗണ്ട് - പാറയ്ക്കൽപടി റോഡ് പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ - S0171/16<br>അടങ്കൽ - ₹342000<br>കൺവീനർ - ശ്രീ ഗോപി കോന്നി പാറയ്ക്കൽ<br>ചെലവ് - ₹316124<br>ബിൽ നം., തീ. - 11/21.08.15<br>എം.ബുക്ക് നമ്പർ - 4/15-16 | 3 | 20.867 | 147295.56 | 139803.89 | 7492 |

| | | | | | | |
|---|---|---|---|---|---|---|
| 94. | കാവിന്റെ പടിഞ്ഞാറ്റേതിൽ കോളനി റോഡ് പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ - S0179/16<br>അടങ്കൽ - ₹140000<br>കൺവീനർ - ശ്രീ കെ. സുക, ചാവരുകാലായിൽ<br>ചെലവ് - ₹139802<br>ബിൽ നം., തീ. - 185/28.03.16<br>എം.ബുക്ക് നമ്പർ - 75/15-16 | 3 | 7.365 | 51987.91 | 49343.73 | 2644 |
| 95. | മലങ്കര – മരുതിമൂട്ടിൽപ്പടി റോഡ് പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ - S0203/16<br>അടങ്കൽ - ₹200000<br>കൺവീനർ - ശ്രീ പ്രീതാമോൾ, താന്നിമൂട്ടിൽ<br>ചെലവ് - ₹197692<br>ബിൽ നം., തീ. - 137/22.01.16<br>എം.ബുക്ക് നമ്പർ - 73/15-16 | 3 | 13.05 | 92117.08 | 87431.87 | 4685 |
| 96. | ചാരുംമൂട്ടിൽപടി നെല്ലിക്കുഴി മുരുപ്പേൽ കോളനി റോഡ് പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ - S0219/16<br>അടങ്കൽ - ₹100000<br>കൺവീനർ - ശ്രീ ബിനുമാത്യൂ, പീടികയിൽ<br>ചെലവ് - ₹99255<br>ബിൽ നം., തീ. - 135/22.01.16 | 4 | 4.899 | 34580.96 | 32822.12 | 1759 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 97. | കൊന്നപ്പാറ മൂക്കന്നൂർപടി പള്ളിമുരുപ്പ് റോഡ് പുനരുദ്ധാരണം<br>പ്രോജക്ട് നമ്പർ - S0220/16<br>അടങ്കൽ - ₹385000<br>കൺവീനർ - ശ്രീമതി ഓമന തങ്കച്ചൻ, കൊന്നപ്പാറ<br>ചെലവ് - ₹384454<br>ബിൽ നം., തീ. - 78/30.11.15 | 4 | 25.09 | 177104.79 | 168096.98 | 9008 |
| 98. | കരട്ടിയാട്ട് പട്ടത്താനത്ത്പടി റോഡ് പുനരുദ്ധാരണം<br>പ്രോജക്ട് നമ്പർ - S0221/16<br>അടങ്കൽ - ₹150000<br>കൺവീനർ - ശ്രീ റോസമ്മ പട്ടത്താനത്ത് വീട്<br>ചെലവ് - ₹148269<br>ബിൽ നം., തീ. - 89/30.11.15<br>എം.ബുക്ക് നമ്പർ - 74/15-16 | 3 | 9.7875 | 69087.81 | 65573.9 | 3514 |
| 99. | പുതുവേലിപ്പടി കാഞ്ഞിരക്കുളത്ത് മുരുപ്പ് റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നമ്പർ - S0222/16<br>അടങ്കൽ - ₹294873<br>കൺവീനർ - ശ്രീ ഹരിദ | 4 | 18 | 127058.04 | 120595.68 | 6462 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് - ₹292845<br>ബിൽ നം., തീ. - 155/30.01.16<br>എം.ബുക്ക് നമ്പർ - 10/15-16 | | | | | |
| 100. | വട്ടക്കാവ് ലക്ഷംവീട് റോഡ് പുനരുദ്ധാരണം<br>പ്രോജക്ട് നമ്പർ - S0239/16<br>അടങ്കൽ - ₹100000<br>കൺവീനർ - ശ്രീ സാബു, കോട്ടക്കുന്നിൽ, മങ്ങാരം<br>ചെലവ് - ₹98883<br>ബിൽ നം., തീ. - 113/28.11.15<br>എം.ബുക്ക് നമ്പർ - 78/15-16 | 3 | 6.5 | 45863.07 | 43548.44 | 2315 |
| 101. | ഇളങ്ങവട്ടം ക്ഷേത്രം-കാരുവള്ളിൽപടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നമ്പർ - S0240/16<br>അടങ്കൽ - ₹230000<br>കൺവീനർ - ശ്രീ ശിവപ്രകാശ്, കിഴക്കേടത്ത്<br>ചെലവ് - ₹215281<br>ബിൽ നം., തീ. - 33/13.10.15<br>എം.ബുക്ക് നമ്പർ - 43/15-16 | 4 | 13.888 | 98032.34 | 93046.27 | 4986 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | ആകെ | | | | | 511308 |

അധിക നിരക്ക് അനുവദിച്ചത് മൂലമുള്ള നഷ്ടം (₹511308) എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## (3-16) പഞ്ചായത്ത് ഓഫീസ് നവീകരണം - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് കുറഞ്ഞ ചെലവിൽ നടത്താമായിരുന്ന പ്രവൃത്തി മാനദണ്ഡങ്ങൾ ലംഘിച്ച് SIDCO മുഖാന്തിരം നടപ്പിലാക്കി

| | |
|---|---|
| പ്രോജക്ട് നം. | S0172/16 |
| അടങ്കൽ | ₹1101400 |
| ട്രഷറി ബിൽ നം., തീ. | 197/31.03.16 –₹ 255970<br>198/31.03.16 – ₹304112<br>199/31.03.16 – ₹94835<br>200/31.03.16 - ₹206157 |

2015-16-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി ലോക ബാങ്ക് സഹായ തുകയിൽനിന്നും 1101400 രൂപ വകയിരുത്തി പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പേരിൽ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഈ പ്രോജക്ടിന്റെ ഭാഗമായി 1082574 രൂപ ചെലവഴിച്ച് പഞ്ചായത്ത് ഓഫീസിൽ ക്യാബിൻ പാർട്ടീഷൻ, ജീവനക്കാർക്കും, പ്രസിഡന്റിനുമുള്ള ടേബിളുകൾ, ഫയൽ റാക്ക്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കും, എൻ.ആർ.ഇ.ജി.എസ്. സെക്ഷനും ക്യാബിനുകൾ (അലൂമിനിയം ഫേബ്രിക്കഷൻ) എന്നിവയാണ് നിർമ്മിച്ചിട്ടുള്ളത്. ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോ മുഖാന്തിരമാണ് പ്രവൃത്തി നടത്തിയത്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സർക്കാർ സ്ഥാപനമാകയാൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങാം എന്ന ഉത്തരവിന്റെ ആനുകൂല്യത്തിലാണ് ടി പ്രവൃത്തി സിഡ്കോ മുഖാന്തിരം നടത്തിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരം സിഡ്കോയിൽനിന്നും തടി/സ്റ്റീൽ ഫർണിച്ചറുകളും, ബിറ്റുമിനും മാത്രമേ ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതിയുള്ളൂ. എന്നാൽ സിഡ്കോ പോലെയുള്ള ഒരു സർക്കാർ സ്ഥാപനത്തിൽനിന്നും ടെണ്ടറോ, ക്വട്ടേഷനോ കൂടാതെ നേരിട്ട് ലഭ്യമാക്കാവുന്ന/ചെയ്യാവുന്ന പ്രവൃത്തികളല്ല ഈ പ്രോജക്ടിന്റെ കാര്യത്തിൽ ചെയ്തിട്ടുള്ളത്. നിരീക്ഷണ ഡാറ്റയുടെ അടിസ്ഥാനത്തിൽ വിശദമായ എസ്റ്റിമേറ്റും, പ്ലാനും തയ്യാറാക്കി നടത്തേണ്ട പ്രവൃത്തികളാണ് (ഉദാ: ക്യാബിൻ പാർട്ടീഷൻ, അലൂമിനിയം ഫേബ്രിക്കേഷൻ, നെറ്റ് വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ etc.) യാതൊരു മാനദണ്ഡവും പാലിക്കാതെ SIDCO മുഖാന്തിരം നടപ്പിലാക്കിട്ടുള്ളത്. പ്രോജക്ടിന്റെ ഭാഗമായി നടത്തിയിട്ടുള്ള പ്രവൃത്തികളുടെയും, സപ്ലൈ ചെയ്തിട്ടുള്ള സാധനങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം., തീ. | ഇനം | എണ്ണം | യൂണിറ്റ് നിരക്ക് | തുക | വാറ്റ് (14.5%) | ആകെ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| SMCTVLA/15-16/0153, 16.02.16 | File Storage Rack at Store Room | 15.5 | 4150 | 64325 | 9327 | 73652 |
| | Entrance Door with Partition | 1 | 18500 | 18500 | 2683 | 21183 |
| SMCTVLA/15-16/0151, 16.02.16 | Storage unit | 13 | 10200 | 132600 | 19227 | 151827 |
| | Staff Chair | 13 | 3650 | 47450 | 6880 | 54330 |
| SMCTVLA/15-16/0149, 16.02.16 | President and Secretary Table | 2 | 42500 | 85000 | 12325 | 97325 |
| | AS, JS, AC Cabin Partition | 3 | 19300 | 57900 | 8396 | 66296 |
| | AS, JS and Accountant Table | 3 | 16850 | 50550 | 7330 | 57880 |
| SMCTVLA/15-16/0149, 16.02.16 | Net working & electrification | 1 | 130555 | 130555 | 18930 | 149485 |
| | Aluminium Separation at members and NREGS section office | 30 | 3100 | 93000 | 13485 | 106485 |
| SMCTVLA/15-16/0150, 16.02.16 | Staff Cabin Partition | 8 | 18350 | 146800 | 21286 | 168086 |
| | Staff Table | 8 | 14850 | 118800 | 17226 | 136026 |
| | Total | | | | | 1082574 |

എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയതിനുശേഷം മാത്രം നടത്തേണ്ട മരാമത്ത് പ്രവൃത്തികളുടെ സ്വഭാവത്തിലുള്ള പ്രവൃത്തികളാണ് SIDCOനടത്തിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 6 പ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും അതിന് ചട്ടം 7 പ്രകാരമുള്ള സാങ്കേതിക അനുമതി ലഭിക്കാതെയും യാതൊരു

പഞ്ചായത്തും ഒരു പൊതുമരാമത്ത് പണി ആരംഭിക്കാൻ പാടില്ല. എന്നാൽ ഈ പ്രോജക്ടിന്റെ കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങാതെയും, ചെയ്ത പ്രവൃത്തിയുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്താതെയുമാണ് സിഡ്കോയ്ക്ക് വൻ തുക പ്രതിഫലം നൽകിയിട്ടുള്ളത്. SIDCO-യിൽനിന്നും ഒരു പ്രോഫോർമ ഇൻവോയ്സ് വാങ്ങി ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടിൽ തുക വകയിരുത്തി പ്രവൃത്തി നടത്തുകയാണുണ്ടായത്. ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്ന മറ്റ് സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികളെകൊണ്ട് (KFIDC, RUBCO, KADCO) ഇതിലും കുറഞ്ഞ ചെലവിൽ പ്രവൃത്തി നടത്തുന്നതിനുള്ള യാതൊരു സാധ്യതയും നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാഞ്ഞിട്ടില്ല. മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ് ചെലവിൽ നിർവ്വഹിക്കാമായിരുന്ന പ്രവൃത്തി ചട്ടം ലംഘിച്ച് നടപ്പിലാക്കുക വഴി പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് പ്രഥമ ദൃഷ്ടിയിൽതന്നെ വ്യക്തമാണ്.

പ്രോജക്ടിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തിയുടെ ഗുണമേന്മയും ഓഡിറ്റിൽ ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടില്ല. ക്യാബിനും, സ്റ്റോറേജ് യൂണിറ്റുകളും പ്ലൈവുഡും, എം.ഡി.എഫും. ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. ആയതിന്റെ ഗുണമേന്മ ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. നിർമ്മാണത്തിന് ഉപയോഗിച്ച സാധനങ്ങൾ വേണ്ടത്ര ഗുണമേന്മയില്ലാത്തവയാണെന്നും, ഈടാക്കിയ നിരക്കുകൾ അസാധാരണമാംവിധം ഉയർന്നതാണെന്നും ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കാണാൻ കഴിഞ്ഞു. ഉദാഹരണമായി പ്ലൈവുഡും, എം.ഡി.എഫും. ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള സെക്രട്ടറിയുടെയും, പ്രസിഡന്റിന്റെയും ടേബിളുകൾക്ക് 97325 രൂപയാണ് വിലനൽകിയിട്ടുള്ളത്.

<u>1.06 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഫലശൂന്യം:-</u> പ്രവൃത്തിയുടെ ഭാഗമായി പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ 2-ാം നിലയിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കും, എൻ.ആർ.ഇ.ജി.എസ്. സെക്ഷനും 106485 രൂപ ചെലവഴിച്ച് ക്യാബിനുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഈ ക്യാബിനുകൾ നാളിതുവരെ ബന്ധപ്പെട്ടവർ ഉപയോഗപ്പെടുത്തിയിട്ടില്ല. ക്യാബിനുകൾ സജ്ജീകരിച്ചിട്ടുള്ള മുറി ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായ സാധനങ്ങൾ സൂക്ഷിക്കുന്നതിനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. ഇതിൽനിന്നും ആവശ്യാധിഷ്ഠിതമല്ലാതെയാണ് ഈ പ്രവൃത്തി നടത്തിയിട്ടുള്ളതെന്നാണ് വ്യക്തമാകുന്നത്. പ്രവൃത്തിക്ക് പൊതു ഖജനാവിൽനിന്നും ചെലവഴിച്ച 106485 രൂപ ഫലത്തിൽ പാഴായിരിക്കുകയാണ്.

മേൽ വിവരിച്ച അപാകതകളുടെ വെളിച്ചത്തിൽ ഈ പ്രോജക്ടിന് ചെലവഴിച്ച 1082574 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ അളവുകളും, ഗുണമേന്മയും ഒരു ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് പരിശോധിച്ച് മൂല്യനിർണ്ണയം നടത്തി പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള യഥാർത്ഥ നഷ്ടം നിജപ്പെടുത്തി ഉത്തരവാദികളായവരിൽനിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## (3-17) <u>ആനക്കുട് R.V.H.S. റോഡ് ഓടനിർമ്മാണം - മൂല്യ വർദ്ധിത നികുതി (VAT) കണക്കാക്കിയതിൽ അപാകം - സർക്കാർ ഫണ്ടിന് നഷ്ടം</u>

പ്രോജക്ട് നം. - 202/16

അടങ്കൽ - 1275000

കൺവീനർ - ശ്രീ ഷാജി മാത്യു, നൊച്ചുമണ്ണിൽ

ചെലവ് - 1143443

എം.ബുക്ക് നം.- 74/14-15

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ആനക്കുട് R.V.H.S. റോഡ് ഓട നിർമ്മാണം എന്ന പദ്ധതിയുടെ ഫൈനൽ ബില്ലിൽ നിന്നും നിശ്ചിത ശതമാനം VAT ഈടാക്കാതിരുന്നതിനാൽ സർക്കാർ ഖജനാവിന് 53936 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. 10 ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ ബിൽ തുകയുടെ 10 ശതമാനമാണ് VAT ഇനത്തിൽ ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ടി പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും 5% നിരക്കിലാണ് VAT ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി മൂല്യം | 1078720 |
| ഈടാക്കിയ VAT @5% | 53936 |
| ഈടാക്കേണ്ടിയിരുന്നത് @ 10% | 107872 |

| | |
|---|---|
| കുറവ് | 53936 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/തീ. 16.12.15) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ, കുറവായി ഒടുക്കിയ 5% VAT തുക ബന്ധപ്പെട്ടവരിൽനിന്നും അടിയന്തിരമായി ഈടാക്കി അടച്ച വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കികൊള്ളാം എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## (3-18) റോഡ് പുനരുദ്ധാരണ പദ്ധതികളുടെ ഭാഗമായി ക്വാറിമക്ക് ഫില്ലിംഗ് നടത്തിയതിന്റെ ചെലവ് വൗച്ചറുകളുടെ അഭാവത്തിൽ നിരാകരിക്കുന്നു

2015-16-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വിവിധ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി ക്വാറിമക്ക് ഫില്ലിംഗ് നടത്തിയതിന് പ്രവൃത്തികളുടെ കൺവീനർമാർക്ക് പ്രതിഫലം നൽകിയിട്ടുണ്ട്. എന്നാൽ കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ചെലവ് കണക്കുകളും, സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകളും, വൗച്ചറുകളും പരിശോധിച്ചതിൽ ഈ പ്രവൃത്തികൾക്ക് ക്വാറിമക്ക് വാങ്ങി ഉപയോഗിച്ചിട്ടുള്ളതായി കാണുന്നില്ല. മാത്രവുമല്ല ഗുണഭോക്തൃസമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച ചെലവ് കണക്കുകളിലും ക്വാറിമക്ക് ഫില്ലിംഗ് നടത്തിയതിന്റെ ചെലവ് കാണിച്ചിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ.നം. | പ്രോജക്ടിന്റെ പേര് | | ക്വാറിമക്ക് ഫില്ലിംഗിന്റെ അളവ് ($m^3$) | ചെലവഴിച്ച തുക (@1050.90, 1050.86/$m^3$) | എം.ബുക്ക് നം. | ട്രഷറി ബിൽ/ഡി.ഡി. നം., തീ. |
|---|---|---|---|---|---|---|---|
| 1. | 56/16 | BSNL പുത്തൻചിറ ഏലാറോഡ് പുനരുദ്ധാരണം | 1 | 10.50 | 11034 | 46/15-16 | 71/30.11.15 |
| 2. | 136/15-16 | വട്ടമൺകുന്നത്തുപടി നടപ്പാത പുനരുദ്ധാരണം, സ്റ്റെപ്പ് നിർമ്മാണം | 1 | 12 | 12610 | 55/15-16 | 163/17.2.16 |
| 3. | 83/16 | അതുമ്പുംകുളം വലിയമുരുപ്പ് റോഡ് -അതുമ്പുംകുളം -വരിക്കാഞ്ഞിലി - പള്ളിയാമ്പിൽപടി റോഡ് പുനരുദ്ധാരണം | 1 | 12.74 | 13388 | 52/15-16 | 193/31.3.16 |
| 4. | 38/16 | പൂവണ്ണുംമൂട് അമ്പിളിപ്പടി റോഡ് പുനരുദ്ധാരണം | 1 | 13.70 | 14397 | 35/15-16 | 100/16.12.15 |
| 5. | 113/16 | മഞ്ഞകടമ്പ് ഫോറസ്റ്റ് കോട്ടേജ് വലിയതെക്കേതിൽപടി റോഡ് പുനരുദ്ധാരണം | 1 | 3.855 | 4051 | 60/15-16 | 151/30.1.16 |
| 6. | 111/16 | ആമക്കുന്നി തല്ലൂർക്കോയിക്കൽപടി റോഡ് പുനരുദ്ധാരണം | 1 | 3.75 | 3941 | 61/16-17 | 154/30.1.16 |
| 7. | 220/16 | കൊന്നപ്പാറ മൂക്കന്നൂർപടി പള്ളിമുരുപ്പ് | 1 | 4.31 | 4529 | 49/15-16 | 78/30.11.15 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | റോഡ് പുനരുദ്ധാരണം | | | | | |
| 8. | 84/16 | കുന്നംപുറത്ത്പടി കത്തോലിക്കാ പള്ളിപ്പടി റോഡ് പുനരുദ്ധാരണം | 1 | 4.0875 | 4295 | 17/15-16 | 140/30.1.16 |
| 9. | 114/16 | പാക്കുപുരപടി-വിളയിൽപടി നടപ്പാത പുനരുദ്ധാരണം | 1 | 19.2 | 20177 | 111/15-16 | 190/31.3.16 |
| | | ആകെ | | | 88422 | | |

ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ കൺവീനർമാർക്ക് യഥാർത്ഥത്തിൽ ചെലവാകുന്ന തുകയോ, വർക്ക് ബിൽ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് അതിനു മാത്രമാണ് അർഹതയുള്ളത്. കൺവീനർമാർ പ്രവൃത്തിക്ക് ക്വാറിമക്ക് വാങ്ങി ഉപയോഗിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ ഇനം പ്രവൃത്തി നടത്തിയതായി എം.ബുക്കിൽ അളവ് രേഖപ്പെടുത്തി പ്രതിഫലം നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. മാത്രവുമല്ല പ്രവൃത്തി നടത്തിയതിന് ശേഷം അളവ് രേഖപ്പെടുത്താൻ കഴിയാത്ത ക്വാറിമക്ക് ഫില്ലിംഗ് പോലെയുള്ള പ്രവൃത്തികളുടെ കാര്യത്തിൽ പ്രവൃത്തി നടത്തുന്നതിന് മുമ്പ് എഞ്ചിനീയർ പ്രീമെഷർമെന്റ് എടുത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അളവുകൾ ചെക്ക് മെഷർമെന്റ് നടത്തി എം.ബുക്കിൽ രേഖപ്പെടുത്തിയതിനുശേഷം മാത്രമേ പ്രവൃത്തി നടത്താൻ പാടുള്ളൂ. എന്നാൽ ടി പ്രവൃത്തികളുടെ അളവുകൾ പ്രീമെഷർമെന്റ് എടുത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്തി അളവ് അംഗീകരിക്കാതെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്.

മേൽ വിവരിച്ച പ്രകാരം ചെയ്യാത്ത പ്രവൃത്തിക്ക് കൺവീനർമാർക്ക് നൽകിയ തുക (₹88423) നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

## (3-19) അലൂമിനിയം ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് അധിക നിരക്ക് നൽകി - പഞ്ചായത്ത് ഫണ്ടിന് 19702 രൂപ നഷ്ടം

| | |
|---|---|
| പ്രോജക്ട് നം. - | S0150/15 |
| അടങ്കൽ - | 385000 |
| കൺവീനർ - | ശ്രീമതി ഇന്ദിര പി.വി. |
| ചെലവ് - | ₹ 325701 |
| ഫൈനൽ ബിൽ നം. തീ. | 210/31.3.16 |
| എം.ബുക്ക് നം. | 91/14-15 |

2014-15-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നം. S0150/15 പ്രകാരം 385000രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ പ്രവൃത്തിയാണ് കൊന്നപ്പാറ 55-ാം നമ്പർ അങ്കണവാടി പുനരുദ്ധാരണം. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളത് 2015-16 വർഷമാണ്.

പ്രവൃത്തിയുടെ ഇനം 5 പ്രകാരം അലൂമിനിയം ഷീറ്റ് (Roofing with aluminium trafford sheet 0.46mm thick) ഉപയോഗിച്ച് 84.96ച.മീറ്റർ റൂഫിംഗ് നടത്തിയതിന് 73821.74 രൂപ ചെലവഴിച്ചിട്ടുണ്ട്. ച.മീറ്ററിന് 868.90 രൂപ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ളത്. SOR-പ്രകാരം അംഗീകരിച്ച നിരക്ക് ഇല്ലാത്ത ഇത്തരം പ്രവൃത്തികളുടെ കാര്യത്തിൽ നിരീക്ഷണ ഡാറ്റ (Observed data) തയ്യാറാക്കി എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്ന അധികാരിയിൽനിന്നും അംഗീകാരം വാങ്ങിവേണം പ്രവൃത്തി നടത്താൻ. എന്നാൽ ഈ പ്രവൃത്തിയുടെ കാര്യത്തിൽ നിരീക്ഷണ ഡാറ്റ തയ്യാറാക്കുകയോ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. പത്തനംതിട്ട

എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി അംഗീകരിച്ച നിരീക്ഷണ ഡാറ്റ പ്രകാരം അനുവദനീയമായ നിരക്ക് 637/m2 ആണ് (2012 SOR). അംഗീകരിച്ച ഡാറ്റയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Weight of 3m sheet available in market 0.92 m wide (0.46mm thickness)

Area of sheet = 3x0.92=2.76m$^2$

Weight of sheet = 4.60 kg.

Weight/m$^2$ = 4.60/2.76 = 1.66 kg./m$^2$

0.46mm trafford profile sheet @ 1.66kg/m$^2$=11.5x1.66=19.09 kg.

| | | | | |
|---|---|---|---|---|
| | MAIN DATA FOR 10m$^2$ | | | |
| 19.09 kg | 0.46 mm trafford profile sheet | kg | 268.00 | 5116.12 |
| 19.09 kg | Conveyance | T | 323.00 | 06.16 |
| 0.733 kg | Gl bolt 0.733kg/E | Kg | 81.00 | 59.37 |
| 22 nos | Washers | 10 nos | 02.00 | 04.40 |
| | Labour | | | |
| 1.35 | Carpenter | E | 500.00 | 675.00 |
| 1.35 | Man | E | 377.00 | 508.00 |
| | T o t a l | | | 6369.05 |

Say Rs.637/m$^2$ (Without CP)

അധിക നിരക്കിൽ പ്രവൃത്തി നടത്തിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രതിഫലം നൽകിയ അളവ്, നിരക്ക്, തുക | അനുവദനീയമായ അളവ്, നിരക്ക്, തുക | അധികം നൽകിയത് |
|---|---|---|
| 84.96m$^2$<br>@868.9/m$^2$<br>=73821.74 | 84.96m$^2$<br>@637/m$^2$<br>=54119.52 | 19702 |

മേൽപറഞ്ഞ അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 19/16.12.16) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ അധികം നൽകിയ 19702 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## (3-20) പൊന്തനാംകുഴി കോളനി സമഗ്ര വികസനം - 30.27 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ മുടങ്ങികിടക്കുന്നു; നിർവ്വഹണ ഉദ്യോഗസ്ഥൻ കൃത്യവിലോപംകാട്ടി

പ്രോജക്ട് നം - 236/12

സ്പിൽ ഓവർ പ്രോജക്ട് നം - 182/16

അടങ്കൽ - 45 ലക്ഷം

കരാറുകാരൻ - ശ്രീ കെ. സുനിൽകുമാർ, അതുമ്പുംകുളം

ജില്ലാ പഞ്ചായത്തിന്റെ 2011-12-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കോന്നി ഗ്രാമപഞ്ചായത്തിലെ പൊന്തനാംകുഴി കോളനിയുടെ സമഗ്ര വികസനത്തിന് അനുവദിച്ച 45 ലക്ഷം രൂപയുടെ പദ്ധതി കരാറുകാരൻ പാതി വഴിയിൽ പണി ഉപേക്ഷിച്ചതിനാൽ ലക്ഷ്യം കണ്ടില്ല. കാരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ ഗ്രാമപഞ്ചായത്ത് അധികൃതർ എഗ്രിമെന്റിലെ വ്യവസ്ഥകൾക്കനുസൃതമായ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഇതുമൂലം കോളനിയുടെ സമഗ്ര വികസനത്തിന് വിനിയോഗിക്കാമായിരുന്ന 30.27 ലക്ഷം രൂപ ചെലവഴിക്കപ്പെടാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

അമ്പതിൽപ്പരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുബങ്ങൾ അധിവസിക്കുന്ന പൊന്തനാംകുഴി കോളനിയിലെ സമഗ്രവികസനം ഉദ്ദേശിച്ചാണ് പദ്ധതി ആവിഷ്കരിച്ചത്. ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, സാനിട്ടറിയൂണിറ്റ്, കിണർ പുനരുദ്ധാരണം, വാട്ടർ ടാങ്ക് അറ്റകുറ്റപ്പണി, ഡി.ആർ.കെട്ട്, ആർ.സി.സി. സംരക്ഷണഭിത്തി, റോഡ് പുനരുദ്ധാരണം, സ്റ്റെപ്പ് നിർമ്മാണം, കുടിവെള്ള പദ്ധതി മുതലായവയായിരുന്നു പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. 17.09.12-ൽ നടന്ന ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ കെ.സുനിൽകുമാർ, പുത്തൻവീട്, അതുമ്പുംകുളം എന്നയാളാണ് എഗ്രിമെന്റ് വെച്ച് കരാർ എടുത്തിരുന്നത് (എഗ്രിമെന്റ് നം. 07/KGP/2012-13, തീ.15.10.12). കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി 14.07.13-ന് മുമ്പായി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ ക്രമപ്രകാരം പണിനടത്തിയില്ല. കരാർ വെച്ച് നാല് വർഷം പിന്നിട്ടുമ്പോൾ 1498677 രൂപയുടെ പ്രവൃത്തി മാത്രമാണ് കരാറുകാരൻ നടത്തിയിട്ടുള്ളത്. 30.01.14-ൽ രണ്ടാം പാർട്ട് ബിൽ തുക കൈപ്പറ്റിയ കരാറുകാരൻ തുടർന്ന് പണി നടത്തിയിട്ടില്ല. കരാറുകാരന് ലാഭം കിട്ടുന്ന പ്രവൃത്തികൾ മാത്രം നടപ്പിലാക്കിയതിനുശേഷം മറ്റ് പ്രവൃത്തികൾ ഉപേക്ഷിക്കുകയാണുണ്ടായത്. നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപ്പന്റിക്സ് | ഇനം | വകയിരുത്തിയിരുന്നത് | ചെലവഴിച്ചത് |
|---|---|---|---|---|
| 1 | A | ഭവന പുനരുദ്ധാരണം - 9 എണ്ണം | 902191 | 0 |
| 2 | B | കരിങ്കൽ സംരക്ഷണ ഭിത്തി നിർമ്മാണം | 1008072 | 224112.98 |
| 3 | C | കിണർ പുനരുദ്ധാരണം | 20208 | 0 |
| 4 | D | വാട്ടർ ടാങ്ക് അറ്റകുറ്റപ്പണി | 56082 | 0 |
| 5 | E | കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമ്മാണം | 1319179 | 1274564.45 |

| | | | | |
|---|---|---|---|---|
| | | | | |
| 6 | F | ഭവനന നിർമ്മാണം - 3 എണ്ണം | 748929 | 0 |
| 7 | G | ടോയ് ലറ്റ് നിർമ്മാണം - 1 എണ്ണം | 51117 | 0 |
| 8 | H | റോഡ് പുനരുദ്ധാരണം | 95226 | 0 |
| 9 | I | സ്റ്റെപ്പും, നടവഴി എന്നിവയുടെ പുനരുദ്ധാരണം | 136274 | 0 |
| 10 | J | കുടിവെള്ള പദ്ധതി | 160000 | 0 |
| 11 | K | ശിലാഫലകം | 2500 | 0 |
| | | Unforeseen | 222 | 0 |
| | | | 4500000 | 1498677.43 |

പ്രവൃത്തി പൂർത്തിയാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ കരാറുകാരന് നിരന്തരം നോട്ടീസുകൾ (15 എണ്ണം) നൽകിയതൊഴിച്ചാൽ മറ്റ് നിയമ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. 07.04.15-ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഈ പ്രവൃത്തി നിലവിൽ പൂർത്തീകരിച്ച അവസ്ഥയിൽ അവസാനിപ്പിക്കുന്നതിനും കരാറുകാരനെതിരെ നിയമാനുസൃത നടപടി സ്വീകരിച്ച് ബാക്കി തുക ഉപയോഗിച്ച് കോളനിയുടെ സമഗ്രവികസനത്തിന് പുതിയ പ്രോജക്ട് തയ്യാറാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് (II(2) നമ്പർ തീരുമാനം). കൂടാതെ ടി പ്രവൃത്തി ക്ലോസ് ചെയ്ത് കരാറുകാരനെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിനും കമ്മിറ്റി അസി.എഞ്ചിനീയറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്മേൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ ഓഡിറ്റ് തീയതിയിലും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും അക്ഷന്തവ്യമായ കൃത്യവിലോപമാണ് ഉണ്ടായിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥൻ അവസാനമായി 09.06.16-ൽ ഗ്രാമപഞ്ചായത്തിന് നൽകിയ കത്തിൽ പ്രവൃത്തി അവസാനിപ്പിച്ച് പഞ്ചായത്ത് ഫണ്ടിൽ നിഷ്ക്രീയമായി കിടക്കുന്ന തുക ജില്ലാപഞ്ചായത്തിലേക്ക് നൽകുന്നതിനാവശ്യമായ കമ്മിറ്റി തീരുമാനം ഉണ്ടാകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. കരാറുകാരന്റെ സെക്യൂരിറ്റി തുക കണ്ടുകെട്ടി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിന് ചുമതലയുള്ള ഉദ്യോഗസ്ഥൻ ഇപ്രകാരം നിരുത്തരവാദപരമായ നിലപാട് സ്വീകരിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. പ്രോജക്ട് യഥാസമയം നടപ്പിലാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുള്ള വീഴ്ചയാണ്. പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പൂർത്തിയാക്കുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## (3-21) റോഡ് മെയിന്റനൻസ് ഗ്രാന്റ് തുകയിൽ 69 ശതമാനവും വകമാറ്റി ചെലവഴിച്ചു

ഓഡിറ്റ് വർഷം (2015-16) എൽ.എസി.ജി.ഡി. അസി.എഞ്ചിനീയർ നടപ്പിലാക്കിയ റോഡ് പുനരുദ്ധാരണ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിച്ച റോഡ് മെയിന്റനൻസ് ഗ്രാന്റ് പുതിയ കോൺക്രീറ്റ് റോഡുകൾ നിർമ്മിക്കുന്നതിനായി വ്യാപകമായി വകമാറ്റി ചെലവഴിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. റോഡ്

മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്ന പണികളെക്കുറിച്ച് വിശദമായ ഉത്തരവുകൾ നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപണികൾ നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രം മെറ്റലിംഗ്, ടാറിംഗ് കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ആ തദ്ദേശഭരണ സ്ഥാപനത്തിന്റെ കൈമാറിക്കിട്ടിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ (സർക്കുലർ നം.68228/എഫ്.എം. 1/2012/തസ്വഭവ, തീ. 28.11.12). എന്നാൽ ഭരണസമിതി ഇപ്രകാരമൊരു തീരുമാനം എടുത്തിട്ടില്ല. പകരം 2015-16-ലെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പദ്ധതികളിൽ ഗ്രാമസഭ നിർദ്ദേശിച്ച മെയിന്റനൻസ് ആവശ്യമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത ശേഷം ബാക്കി വരുന്ന തുക ഉപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണ് തീരുമാനം എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനീയറും ഈ തീരുമാനത്തോട് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് [12.01.2015-ലെ II(2) നമ്പർ തീരുമാനം].

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 01.12.07-ലെ 64952/ഡി.എ.1/07/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകൾ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കുന്ന റോഡ് അറ്റകുറ്റപ്പണികളിൽ ആവശ്യമായ ഓട നിർമ്മാണം, ചപ്പാത്ത് നിർമ്മാണം, ഗ്രാവൽ മണ്ണ് ഉപയോഗിച്ച്, ഉപരിതലം നിരപ്പാക്കൽ എന്നിവ ഉൾപ്പെടുത്താതെയുള്ളതും ഇരുപതും മുപ്പതും മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്യുന്നതുമായ പ്രോജക്ടുകൾക്ക് അംഗീകാരം നൽകാൻ പാടില്ലെന്ന് നിഷ്കർഷിച്ചിരുന്നു.

എന്നാൽ മേൽ പറഞ്ഞ സർക്കാർ ഉത്തരവുകൾ ലംഘിച്ച് ഓഡിറ്റ് വർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ 2.48 കോടി രൂപയിൽ 1.79 കോടി രൂപയും പുതിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി വകമാറ്റിയാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം | ലഭ്യമായ തുക | മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ എണ്ണം | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് വകയിരുത്തിയ മെയിന്റനൻസ് ഗ്രാന്റ് തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|
| 120 | 24779393 | 97 | 17333873 | 17091636 | 68.98 |

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫണ്ട് വകമാറ്റി ചെലവഴിച്ചത് ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫണ്ട് ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## (3-22) ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം പഞ്ചായത്ത് നിരീക്ഷിക്കുന്നില്ല – വാട്ടർ തോറിറ്റിയിൽനിന്നും തിരികെ ലഭിക്കാൻ അവശേഷിക്കുന്നത് 3.8 ലക്ഷം രൂപ

ഗ്രാമപഞ്ചായത്ത് വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വാട്ടർ അതോറിറ്റിയിലും, കെ.എസ്.ഇ.ബി-യിലും തുകകൾ നിക്ഷേപിക്കുന്നുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണവും, ഡെപ്പോസിറ്റ് തുകകളുടെ ക്രമീകരണവും ഗ്രാമപഞ്ചായത്ത് നിരീക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന് സാധ്യമാകുമായിരുന്നില്ല. മുൻകൂറായി നൽകിയ തുകകളുടെ വിശദ വിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് തുകകളുടെ ക്രമീകരണം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത് ചെയ്തു കണ്ടില്ല. വാട്ടർ അതോറിറ്റി അധികൃതരുമായി ബന്ധപ്പെട്ട് ഓഡിറ്റ് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2011-12 മുതൽ ഇങ്ങോട്ട് 379734 രൂപ വിവിധ പ്രവൃത്തികളുടെ ഭാഗമായി വാട്ടർ അതോറിറ്റിയിൽ ചെലവാകാതെ അവശേഷിക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് തുക | ചെലവഴിച്ചത് | ബാലൻസ് |
|---|---|---|---|---|---|

<table>
<tr><td>2011-12</td><td>219</td><td>പുന്നമൂട് കോളനി, കാളഞ്ചിറ കോളനി, കൊട്ടകുന്നി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ</td><td>325000</td><td>313960</td><td>11040</td></tr>
<tr><td>2012-13</td><td>293</td><td>മരുതേത്ത്പടി മിച്ചഭൂമി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ</td><td>324294</td><td>263773</td><td>60521</td></tr>
<tr><td></td><td>236</td><td>പൊന്തനാംകുഴി കോളനി പൈപ്പലൈൻ എക്സ്റ്റൻഷൻ</td><td>161000</td><td>137492</td><td>23508</td></tr>
<tr><td rowspan="3">2013-14</td><td>199</td><td>7-ാം വാർഡിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ</td><td>120000</td><td rowspan="3">474679</td><td rowspan="3">103321</td></tr>
<tr><td>238</td><td>അംബേദ്കർ കോളനി കുടിവെള്ളം ലഭ്യമാക്കൽ</td><td>330000</td></tr>
<tr><td>245</td><td>കുഴിക്കാലായിൽ പടി വലിയവിളയിൽ പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ</td><td>128000</td></tr>
<tr><td>2014-15</td><td>278</td><td>ചെമ്മാണി-കിഴക്കേ ചെമ്മാനി ചെങ്ങറ മിച്ചഭൂമി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (വാർഡ് 5)</td><td>700000</td><td>518656</td><td>181344</td></tr>
<tr><td></td><td></td><td>ആകെ</td><td></td><td></td><td>379734</td></tr>
</table>

വാട്ടർ അതോറിറ്റിയിൽ ചെലവാകാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## (3-23) വാട്ടർ അതോറിറ്റി റീഫണ്ട് ചെയ്ത തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധം

2008-09 മുതൽ 2010-11വരെ കാലയളവിൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ശേഷം ചെലവാകാതെ അവശേഷിച്ച 50849 രൂപ 07.10.14-ലെ 637832 നമ്പർ ചെക്ക് പ്രകാരം ഗ്രാമപഞ്ചായത്തിന് മടക്കി ലഭിച്ചിട്ടുണ്ട്. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ വരവ് ചേർത്തിരിക്കുന്നു. വികസന ഫണ്ട് ഇനത്തിലുള്ള പ്രസ്തുത തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിന് വ്യവസ്ഥയില്ല. ആയത് എത്രയും വേഗം സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

## (3-24) കരാറിൽ ഏർപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച; കരാർ ലംഘനം നടത്തിയ കൺവീനർമാർക്കെതിരെ നടപടിയില്ല

ഓഡിറ്റ് വർഷവും, മുൻകാലങ്ങളിലും പഞ്ചായത്തുമായി കരാർ വെച്ച് പ്രവൃത്തി ഏറ്റെടുത്ത വിവിധ മരാമത്ത് പ്രവൃത്തികളുടെ കൺവീനർമാർ ഓഡിറ്റ് നടത്തുന്ന സമയത്തും പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രവൃത്തി യഥാസമയം ഏറ്റെടുക്കുന്നതിൽ വീഴ്ച വരുത്തിയ കൺവീനർമാർക്കെതിരെ അധികൃതർ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഇക്കാരണത്താൽ 8.62 ലക്ഷം രൂപയുടെ 6 പ്രവൃത്തികളാണ് മുടങ്ങികിടക്കുന്നത്. ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ്. മുടങ്ങികിടക്കുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | അടങ്കൽ | അടങ്കൽ | കൺവീനറുടെ പേര് | എഗ്രിമെന്റ് നം., തീ. |
|---|---|---|---|---|---|
| 1 | 2 | 3 | | 4 | 5 |
| 1 | 64/16 | അട്ടച്ചാക്കൽ കൈതകുന്ന് കോളനി റോഡിൽ കൈവരി | 310516 | ശ്രീമതി ആശ | 50/AE/KGP/15-16, 21.07.15 |

| | | | | | |
|---|---|---|---|---|---|
| | | നിർമ്മാണം (വാർഡ് 5) | | | |
| 2 | 70/16 | ആനക്കുട് ഈട്ടിത്തടത്തിൽപടി റോഡ് പുനരുദ്ധാരണം (വാർഡ് 15) | 170000 | ശ്രീ.അൽത്താഫ് | 74A/AE/KGP/15-16, 04.08.15 |
| 3 | 139/16 | ശിവഗംഗ കോളനി റോഡ് പുനരുദ്ധാരണം (വാർഡ് 6) | 100000 | ശ്രീ രവി | 69/AE/KGP/15-16, 04.08.15 |
| 4 | 188/16 | ചെങ്ങറമുക്ക് - പള്ളിമുരുപ്പ് അട്ടച്ചാക്കൽ റോഡ് പുനരുദ്ധാരണം (വാർഡ് 5) – സ്പിൽ ഓവർ | 119000 | ശ്രീ.എബി.പി.ബി. | 105/AE/KGP/15-16, 19.02.15 |
| 5 | 201/16 | കൊട്ടകുന്ന് - ജലനിധി ടാങ്ക് റോഡ് സംരക്ഷണഭിത്തി നിർമ്മാണം (വാർഡ് 14) – സ്പിൽ ഓവർ | 65000 | ശ്രീ ഷാജി കുമാർ | 114/AE/KGP/15-16, 30.03.15 |
| 6 | 204/16 | 69-ാം നമ്പർ അങ്കണവാടിക്ക് സംരക്ഷണഭിത്തി നിർമ്മാണം (വാർഡ് 4) – സ്പിൽ ഓവർ | 97229 | ശ്രീമതി സുജാത | 95/AE/KGP2013-14, 21.01.14<br>(പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പൂർത്തിയാക്കിയിട്ടില്ല) |
| | | ആകെ | 861745 | | |

ടി പ്രവൃത്തികൾ ഏത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## (3-25) മരാമത്ത് പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയതിൽ അപാകം

ഓഡിറ്റ് വർഷം നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തുകളുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തിയത് ക്രമപ്രകാരമല്ല. പ്രവൃത്തി നടത്തിയതിന് ശേഷം അളവ് രേഖപ്പെടുത്താൻ കഴിയാത്ത പ്രവൃത്തികളുടെ കാര്യത്തിൽ പ്രവൃത്തി നടത്തുന്നതിന് മുമ്പ് എഞ്ചിനീയർ പ്രീമെഷർമെന്റ് എടുത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അളവുകൾ ചെക്ക് മെഷർമെന്റ് നടത്തി എം.ബുക്കിൽ രേഖപ്പെടുത്തിയതിനുശേഷം മാത്രമേ പ്രവൃത്തി നടത്താൻ പാടുള്ളൂ. എന്നാൽ ഓഡിറ്റ് വർഷം നടത്തിയിട്ടുള്ള ഭൂരിപക്ഷം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെയും ഭാഗമായി റോഡിലെ കുഴികൾ അടച്ച് ഉപരിതലം നിരപ്പാക്കുന്നതിനുവേണ്ടി ക്വാറി മക്ക് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ അളവുകൾ പ്രീമെഷർമെന്റ് എടുത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്തി അളവ് അംഗീകരിക്കാതെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ.നം. | പ്രോജക്റ്റിന്റെ പേര് | | ക്വാറിമക്ക് ഫില്ലിംഗിന്റെ അളവ് ($m^3$) | ചെലവഴിച്ച തുക (@1050.90/$m^3$) | എം.ബുക്ക് നം. | ട്രഷറി ബിൽ/ഡി.ഡി. നം., തീ. |
|---|---|---|---|---|---|---|---|
| 1. | 42/16 | പയ്യനാമൺ തെക്കിനേത്തുപടി റോഡ് പുനരുദ്ധാരണം | 1 | 4.50 | 4729 | 33/15-16 | |
| 2. | 110/16 | പള്ളിപറമ്പിൽപടി വട്ടവേലിൽകടവ് റോഡ് പുനരുദ്ധാരണം | 1 | 4.0875 | 4296 | 76/15-16 | |
| 3. | 104/16 | പയ്യനാമൺകോയിക്കൽപടി റോഡ് പുനരുദ്ധാരണം | 1 | 10.55 | 11086.57 | 30/16-17 | |
| 4. | 145/16 | പത്തലുകുത്തിപാറതുണ്ടിൽപടി കണ്ണമല റോഡ് | 1 | 19.35 | 20334.14 | 85/15-16 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പുനരുദ്ധാരണം | | | | | |
| 5. | 220/16 | കൊന്നപ്പാറ മൂക്കന്നൂർപടി പള്ളിമുരുപ്പ് റോഡ് പുനരുദ്ധാരണം | 1 | 4.31 | 4529 | 49/15-16 | |
| 6. | 48/15-16 | കൃഷിഭവൻ മേപ്പുറത്ത്ഉണ്ടിൽ പ്ലാവിളയിൽപടി റോഡ് പുനരുദ്ധാരണം | 1 | 4.50 | 4729 | 8/15-16 | |
| 7. | 229/16 | മാങ്കുളം - വലിയമുരുപ്പ് - എസ്.കെ.ആർ. | 1 | 11.741 | 12338.14 | 99A/15-16 | |
| 8. | 102/16 | വേങ്ങത്തടിക്കൽ ലക്ഷംവീട് കോളനി നടപ്പാത കോൺക്രീറ്റിംഗ് | 1 | 5.6 | 5885 | 92/15-16 | |
| 9. | 95/16 | തേക്കുമല – പാലേമണ്ണിൽ നടപ്പാത പുനരുദ്ധാരണം | 1 | 24.975 | 26245 | 107/15-16 | |
| 10. | 68/16 | പോസ്റ്റോഫീസ് റോഡ് T.V.M. റോഡ് പനങ്ങാട്ട് പടി റോഡ് പുനരുദ്ധാരണം | 1 | 4.09 | 4298 | 7/15-16 | |
| 11. | 53/16 | പീടികയിൽപടി പൊലിമല റോഡ് പുനരുദ്ധാരണം | 1 | 8.40 | 8827.56 | 105/15-16 | |
| 12. | 37/16 | പൂവണ്ണംമൂട് പടിറോഡ് പുനരുദ്ധാരണം (വാർഡ് 14) | 4 | 25.105 | 26382.84 | 66/15-16 | |
| | | ആകെ | | | 133681 | | |

പ്രീമെഷർമെന്റ് എടുത്ത് അളവുകളുടെ കൃത്യത ബോദ്ധ്യപ്പെടാതെ ഫില്ലിംഗിന് തുക അനുവദിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## (3-26) പാലിയേറ്റീവ് കെയർ പദ്ധതി- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പ്രോജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി രൂപീകരിച്ച കമ്മിറ്റിയാണിത്. ടി കമ്മിറ്റി കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിലോ യോഗം ചേരേണ്ടതും പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ മറികടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയതുപോലെ ഓരോ മാസത്തെയും പ്രവർത്തന റിപ്പോർട്ട്, വരവ്-ചെലവ് കണക്കുകൾ എന്നിവ യോഗത്തിൽ അവതരിപ്പിക്കേണ്ടതും കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്.

2015-16 സാമ്പത്തിക വർഷം രണ്ട് തവണ മാത്രമാണ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നത്. യോഗം ചേർന്നതല്ലാതെ മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരമുള്ള യാതൊരുവിധ നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. ആയതിനാൽ ഭരണസമിതിയുടെ ഭാഗത്തുനിന്ന് പ്രസ്തുത വിഷയത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ടുപോകുന്നതിനായി തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ പ്രസിഡന്റ് അദ്ധ്യക്ഷനായും അലോപ്പതി മെഡിക്കൽ ഓഫീസർ കൺവീനറായും രൂപീകരിക്കുന്ന കമ്മിറ്റിയാണിത്. മെഡിക്കൽ ഓഫീസർ, സെക്രട്ടറി എന്നിവർ ഉൾപ്പെട്ട ഒൻപതംഗ കമ്മിററിയാണിത്. പ്രതിമാസ അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും കമ്മിറ്റിയിൽ കൺവീനർ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത് 2016-17 സാമ്പത്തികവർഷം മാത്രമാണ്. എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി യോഗം ചേരണമെങ്കിലും കമ്മിറ്റി ഇപ്രകാരം യോഗം ചേരുന്നില്ല. അടിയന്തിരമായി ഭരണസമിതി പ്രസ്തുത വിഷയത്തിൽ ഇടപെടേണ്ടതും കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3) ബ്ലോക്കിൽ നിന്നും ലഭിച്ച തുക വിനിയോഗിച്ചില്ല

2015-16 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ പ്രോജക്ടിനായി 100000 രൂപ ഡി.ഡി നം- 568620/17-02-2016 പ്രകാരം ഗ്രാമപ്പഞ്ചായത്തിൽ ലഭിച്ചു. എന്നാൽ ടി തുകയിൽ 58700 രൂപയാണ് ചെലവഴിച്ചത്. ബാക്കി തുക ഗ്രാമപ്പഞ്ചായത്ത് ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ആയതിനാൽ അവശേഷിക്കുന്ന തുകയായ41300 രൂപ അടിയന്തിരമായി വിനിയോഗിക്കുകയോ അല്ലാത്തപക്ഷം സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കുകയോ ചെയ്യേണ്ടതാണ്.

## (3-27) പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം- മുൻകൂർ തുക ക്രമീകരിച്ചില്ല

പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനായി 10000 രൂപ ചെക്ക് നം 1604/05-03-2016 പ്രകാരം (വൗച്ചർ നം-21501138/05-03-2016) മെഡിക്കൽ ഓഫീസർ , സി.എച്ച്.സി, കോന്നിക്ക് നൽകി. എന്നാൽ ചെലവിനാധാരമായ വൗച്ചറുകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. മുൻകൂറായി നൽകിയ തുക ക്രമീകരിക്കാത്ത സാഹചര്യത്തിൽ 10000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-28) മാലിന്യ സംസ്കരണം - ഗ്രാമപ്പഞ്ചായത്ത് വക വാഹനം നിഷ്ക്രിയമായി കിടക്കുന്നു

2007-08 സാമ്പത്തിക വർഷം മാലിന്യശേഖരണത്തിനായി വാങ്ങിയ രണ്ട് പെട്ടി ഓട്ടോകളിൽ (KL3S-3623) ഒരെണ്ണം നിഷ്ക്രിയമായി കിടക്കുന്നു. ടി വണ്ടിയുടെ രജിസ്ട്രേഷൻ സംബന്ധമായ രേഖകളോ, ടാക്സ് അടവക്കിയതിന്റെ വിശദാംശങ്ങളോ ഗ്രാമപ്പഞ്ചായത്തിൽ ലഭ്യമല്ല. മാസങ്ങളായി പ്രസ്തുത വാഹനം വർക്ക്ഷോപ്പിലാണ്. പ്രസ്തുത സാഹചര്യത്തിൽ വാഹനം ഉപയോഗ യോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം ആയത് ലേലം ചെയ്ത് തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## (4-1) സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കോന്നി | 2015-16 | 100000 | പാലിയേറ്റീവ് കെയർ | 58700 | 41300 |
| ബ്ലോക്ക് പഞ്ചായത്ത്, കോന്നി | 2015-16 | 100000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത്, കോന്നി | 2015-16 | 50000 | നെൽകൃഷി വികസനം | 0 | 50000 |

## (4-2) ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോററ്റി | വരിക്കാഞ്ഞിലിപ്പടി-പള്ളിയാമ്പിൽപടി | 567720 | 190000 | 0 | | 190000 |

| | | | | | | |
|---|---|---|---|---|---|---|
| | പൈപ്പ് ലൈൻ നീട്ടൽ(വാർഡ് 6) | | | | | |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ (വാർഡ്-8, 9) | 567721 | 220000 | 0 | | 220000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (വാർഡ് 14,18) | 567718 | 392000 | 0 | | 392000 |
| കേരള വാട്ടർ അതോറിറ്റി | ചാരുംമൂട്ടിൽപടി-നെല്ലിക്കുഴി മുരുപ്പേൽ കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (വാർഡ് 13) | 567633 | 105000 | 0 | | 105000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (വാർഡ് 15) | 567638 | 100000 | 0 | | 100000 |
| കേരള വാട്ടർ അതോറിറ്റി | നെല്ലിക്കോട്ട്പടി പൈപ്പ് ലൈൻ നീട്ടൽ (വാർഡ്-8) | 567716 | 150000 | 0 | | 150000 |
| കേരള വാട്ടർ അതോറിറ്റി | കോട്ടകുന്ന് കോളനിയിലെ പൈപ്പ് ലൈൻ നീട്ടൽ (വാർഡ്14) | 567717 | 107000 | 0 | | 107000 |
| കേരള വാട്ടർ അതോറിറ്റി | അളുമ്പുംകുളം വലിയപാറമുരുപ്പ് പൈപ്പ് ലൈൻ നീട്ടൽ | 567722 | 260000 | 0 | | 260000 |
| കെ.എസ്.ഇ.ബി. | വൈദ്യുതി ലൈൻദീർഘിപ്പിക്കൽ (വാർഡ് 4) | 567944 | 155460 | 0 | | 155460 |
| കെ.എസ്.ഇ.ബി. | വൈദ്യുതി ലൈൻദീർഘിപ്പിക്കൽ (വാർഡ് 1) | 609181 | 54600 | 0 | | 54600 |
| കെ.എസ്.ഇ.ബി. | വൈദ്യുതി ലൈൻദീർഘിപ്പിക്കൽ (വാർഡ് 1) | 609172 | 77830 | 0 | | 77830 |
| കെ.എസ്.ഇ.ബി. | വൈദ്യുതി ലൈൻദീർഘിപ്പിക്കൽ (വാർഡ് 6,7) | 567935 | 190320 | 0 | | 190320 |
| കെ.എസ്.ഇ.ബി. | വൈദ്യുതി ലൈൻദീർഘിപ്പിക്കൽ (വാർഡ് 3) | 569568 | 163770 | 0 | | 163770 |

പണി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (4-3) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## (4-4) വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | ജി.ഒ.563/10 /എല്.എസ്.ജി.ഡി. തീയതി 22-02-10 | 1423625 | 8646261 | 130050 | 339948 | 5677503 |
| | സർക്കാർ അനുമതിയില്ല | 2680000 | 2142000 | 268000 | | 1874000 |

## (4-5) സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷത്തിൽ സ്ഥിരനിക്ഷേപമില്ല

## (4-6) ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| -------------------ഇല്ല------------------- | | | | |

## (4-7) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000 | 2006-08, 124,125 | വനിതാ സ്വയം തൊഴിൽ പദ്ധതി- അർഹതയില്ലാത്തവർക്ക് ധനസഹായം നൽകി | ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 2006-08132 | പയ്യനാമൺ- വേങ്ങത്തടിക്കൽ ലക്ഷം വീട് കോളനി ഉദ്ധാരണം- ക്രമക്കേട് | അപാകത നിലനിൽക്കുന്നു |

## (4-8) ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 86305492 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69993417 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1435038 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1110574 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 815606 | ശ്രീമതി പി.ശോഭന. ഹെഡ് മിസ്ട്രസ്സ് |
| 3-15 | | 511308 (തുല്യമായി) | 1) ശ്രീ. അജിത് കുമാർ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ<br>2) ശ്രീമതി മഞ്ജു.ആർ.വി, അസി. എക്സി. എഞ്ചിനീയർ |
| 3-18 | | 88422 | ശ്രീ. അജിത് കുമാർ.ആർ, അസി. എഞ്ചിനീയർ |
| 3-19 | | 19702 | ശ്രീ. ജയപ്രകാശ്.എം.ജെ, അസി. എഞ്ചിനീയർ |
| ആകെ | | 1435038 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-13 | 18000 | ശ്രീ. അലക്സാണ്ടർ, സെക്രട്ടറി |
| 3-16 | 1082574 | ശ്രീ. അജിത് കുമാർ.ആർ, അസി. എഞ്ചിനീയർ |
| 3-27 | 10000 | ശ്രീ. അലക്സാണ്ടർ, സെക്രട്ടറി |
| ആകെ | 1110574 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|
| 3-17 | 53936 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

----ഇല്ല----

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|---|

| | | മേൽവിലാസം | |
|---|---|---|---|
| 1. | ശ്രീമതി പി.ശോഭന.<br>ഹെഡ് മിസ്ട്രസ്സ് | വിരമിച്ചു | തോപ്പിൽ വീട്,<br>ഐരവൺ പി.ഒ.,<br>ആനകുത്തി, കോന്നി |
| 2. | ശ്രീ. അജിത് കമാർ.ആർ, അസി. എഞ്ചിനീയർ | എൽ.എസ്.ജി.ഡി.,<br>കോന്നി ഗ്രാമ പഞ്ചായത്ത് | ശ്രീവത്സം,<br>കുറുമ്പകര പി.ഒ., പത്തനാപുരം |
| 3. | ശ്രീമതി മഞ്ജു.ആർ.വി,<br>അസി. എക്സി. എഞ്ചിനീയർ | എൽ.എസ്.ജി.ഡി.,<br>ചവറ ബ്ലോക്ക് പഞ്ചായത്ത് | നടയിൽ പടിഞ്ഞാറ്റേതിൽ,<br>നമ്പർ 20, എസ്.ആർ.എം.ഒ.,<br>കൊല്ലം - 12 |
| 4. | ശ്രീ. ജയപ്രകാശ്.എം.ജെ, അസി. എഞ്ചിനീയർ | എൽ.എസ്.ജി.ഡി.,<br>ഏഴംകുളം ഗ്രാമ പഞ്ചായത്ത് | ഗോവിന്ദം,<br>പെരിഞ്ഞൊട്ടക്കൽ പി.ഒ., കോന്നി,<br>പത്തനംതിട്ട |

## (4-9) തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/363/2010 തീയതി 07-07-2010 | 8 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2/125/1997തീയതി 06-02-1999 | 2 |
| 2001-02 (ഡി.സി.ബി & ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി2/818/2004തീയതി 13-06-2005 | 4 |
| 2002-03 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.2/184/2005 തീയതി 17-08-2005 | 6 |
| 2003-04 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.9/22/09- തീയതി 14-04-10/17-12-10 | 9 |
| 1996-97 (ഡി.സി.ബി & ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/465/08 തീയതി 31-10-2009 | |
| 1997-98 (ഡി.സി.ബി & ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/466/08 തീയതി 30-11-2009 | |
| 1998-99(ഡി.സി.ബി & ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/467/08 തീയതി 30-11-2009 | |
| 1999-00(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 09/468/08 തീയതി 02-06-2009 | |
| 2000-01(ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 02/89/04 തീയതി 14-05-2004 | |
| 2001-02(ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.2/88/2004തീയതി 12-07-2004 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.9/23/2009 തീയതി 08-06-2010/22-11-2010 | |
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/466/08 തീയതി 07-0710/04-03-11 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി 6/362/10 തീയതി 04-10-11/20-03-12 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി 6/369/10 തീയതി 07-10-11/20-03-12 | |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 2/768/11തീയതി 06-12-11/03-07-12 | |

| | | |
|---|---|---|
| 2008-09 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി 9/335/13 തീയതി 05-07-13 | |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 9/427/13 തീയതി 03-1013 | |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 9/1066/14 തീയതി | |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി 9/875/15 തീയതി 15.10.2015 | |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ./പി9/1381/16 തീയതി : 16-01-2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമ പഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്,

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

No. KSA/PTA/P9/1381/16 Dated: 16-01-2017

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Konni Gramma Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Konni Gramma Panchayat for the year 2015-16 except the observations in this report properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta